# റബ്ബർ

ജനുവരി 2025 • വാർഷികവരിസംഖ്യ ₹100

- റബ്ബർകർഷകസമ്മേളനങ്ങൾ
- മഞ്ഞുകാലരോഗങ്ങൾ
- ഒട്ടുകമ്പുനഴ്സറി പരിപാലനം
- തേൻമൊഴി – 2024
- കാപ്പികൾ പൂക്കുന്ന റബ്ബർതോട്ടങ്ങൾ



2025 പുതുവത്സരാശംസകൾ

# കപ്പുതൈകൾ സുരക്ഷിതമായി എത്തിച്ചുതരുന്നതിന് പ്രത്യേക വാഹന സംവിധാനമുള്ള കപ്പുതൈ റബ്ബർ നഴ്സറി



അടുത്ത സീസണിലേക്ക് വണ്ടർ റൂട്ട് തൈകളുടെ ബുക്കിംഗ്

**ആരംഭിച്ചിരിക്കുന്നു..!**

CHEERAKUZHY
**Wonder Root**
ROOT TRAINER RUBBER PLANT



UNION MKD

ചീരക്കുഴി
CHEERAKUZHY ®

Karshakasree K C Kuraikose
CHEERAKUZHY RUBBER NURSERY & RESEARCH CENTRE PVT. LTD.

Kottappuram P.O, Sreekrishnapuram, Palakkad-679 513
Ph: 08592900400, 9747500600
09447011047, 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com

# ഉള്ളടക്കം

06 | റബ്ബർകർഷക സമ്മേളനങ്ങൾ

11 | മഞ്ഞുകാലരോഗങ്ങളെ നിയന്ത്രിക്കണം

16 | ഒട്ടുകമ്പുനഴ്സറി പരിപാലനം

20 | തേൻമൊഴി–2024

23 | കാപ്പികൾ പൂക്കുന്ന റബ്ബർതോട്ടങ്ങൾ

26 | വേനൽകാലത്തും ആദായകരമായി ടാപ്പുചെയ്യാം

30 | കോൾ സെന്റർ

34 | കൃഷിപ്പണികൾ

36 | പരിശീലനങ്ങൾ

38 | ഗ്രാമകേരളം

40 | വിപണി

42 | തോട്ടത്തിലാശാൻ

704

# റബ്ബർ

ജനുവരി 2025

**റബ്ബർബോർഡ്**
കോട്ടയം–686 002, കേരളം
ഫോൺ: 0481 2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ-മെയിൽ: ppr@rubberboard.org.in
facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622

എക്സിക്യൂട്ടീവ് ഡയറക്ടർ :
**എം. വസന്തഗേശൻ ഐ.ആർ.എസ്.**

എഡിറ്റർ :
**പി. പ്രസാദ്**

അസിസ്റ്റന്റ് എഡിറ്റർ :
**ബി. ശ്രീകുമാർ**
**കെ.കെ. ബെന്നി**

**വാർഷികവരിസംഖ്യ: 100 രൂപ**

**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ
ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി,
റബ്ബർബോർഡ്, കോട്ടയം – 686 002
എന്ന വിലാസത്തിൽ അയയ്ക്കുക.

*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക്
റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല.
പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ
സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു
ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*



# പുതിയ പ്രതീക്ഷകൾ

പുതുവർഷം ആഗതമായിരിക്കുകയാണ്. കഴിഞ്ഞ ഒരു വർഷം റബ്ബർകർഷകരെ സംബന്ധിച്ചിടത്തോളം സമ്മിശ്രങ്ങളായ അനുഭവങ്ങളാണ് സമ്മാനിച്ചത്. റബ്ബർവില എക്കാലത്തെയും ഉയർന്ന നിലയിൽ എത്തിയതിനും തുടർന്ന് വില കുറയുന്നതിനും സാക്ഷ്യം വഹിക്കേണ്ടിവന്നു. കാലാവസ്ഥയുടെ കാര്യത്തിലും അതു തന്നെയായിരുന്നു സ്ഥിതിവിശേഷം. തുടക്കത്തിൽ മഴ മൂലം ടാപ്പിങ്ദിനങ്ങൾ നഷ്ടപ്പെട്ടെങ്കിലും പിന്നീട് കാലാവസ്ഥ മെച്ചപ്പെടുകയും ഇടയ്ക്കിടയ്ക്ക് മഴ കിട്ടുകയും ചെയ്തു. ഇനി വരുന്ന മാസങ്ങളിൽ വേനലിന്റെ സ്വഭാവം എന്തായിരിക്കുമെന്നത് പ്രവചിക്കാൻ പ്രയാസവുമാണ്.

ലോകത്തെമ്പാടും എല്ലാവർക്കും പ്രതീക്ഷകൾ നൽകിക്കൊണ്ടാണ് പുതുവർഷം കടന്നുവരുന്നത്. പുതിയ തീരുമാനങ്ങൾ, പുതിയ സമീപനങ്ങൾ തുടങ്ങി എല്ലാം മെച്ചപ്പെട്ട രീതിയിൽ പ്രാവർത്തികമാക്കുന്നതിനുള്ള അവസരം. റബ്ബർകർഷകരെ സംബന്ധിച്ചിടത്തോളം അതു മാത്രം പോര. കാലാവസ്ഥയും വിപണിസാഹചര്യങ്ങളുമെല്ലാം അനുകൂലമാകണം. പുതുവർഷം അത്തരത്തിൽ റബ്ബർകൃഷിമേഖലയ്ക്ക് ഉണർവ് നൽകുന്നതാകട്ടെ എന്ന് പ്രതീക്ഷിക്കാം.

പുതുവത്സരാശംസകൾ

\- എഡിറ്റർ



# കാർഷികോത്പന്നങ്ങളുടെ
# മത്സരക്ഷമത ഉറപ്പാക്കണം

റബ്ബർ അടക്കമുള്ള വിളകൾ ഉത്പാദിപ്പിക്കുന്ന കർഷകർ വിപണിയിൽ ഒട്ടേറെ പ്രതിസന്ധികൾ നേരിടേണ്ടതായി വരുന്നുണ്ട്. ഉത്പന്നങ്ങളുടെ ഗുണമേന്മ കൃത്യമായി ഉറപ്പാക്കാനും ഉപഭോക്താക്കളുടെ ഇടയിൽ പ്രചാരം നൽകാനും കഴിഞ്ഞാൽ മാത്രമേ വിപണിയിൽ സജീവമായി തുടരാൻ കഴിയൂ. ഇന്ന് കാർഷികോത്പന്നങ്ങളിൽ ഏറിയ പങ്കും ശേഖരിച്ച് വിൽപന നടത്തുന്നത് വൻകിടക്കാരായ ബഹുരാഷ്ട്ര കമ്പനികളാണ്. പ്രാഥമികതലത്തിലുള്ള ഉത്പാദകരിൽ വലിയൊരു വിഭാഗം ചെറുകിടക്കാരായതുകൊണ്ട് വിപണിയിൽ വിലപേശാനും തുടർച്ചയായി ആവശ്യമുള്ള അളവിൽ ഉത്പന്നങ്ങൾ എത്തിക്കാനും കഴിയാറില്ല. അതേസമയം ചെറുകിടക്കാരുടെ പക്കൽ നിന്ന് ഉത്പന്നങ്ങൾ വാങ്ങി സ്വന്തമായി 'ബ്രാൻഡിങ്' നടത്തി വിൽക്കുന്നവർ ലാഭമുണ്ടാക്കുകയും ചെയ്യുന്നു.

റബ്ബർകർഷകരെ സംബന്ധിച്ച് തോട്ടങ്ങളിൽ നിന്ന് അധികവരുമാനത്തിനുള്ള മാർഗങ്ങൾ കൂടി ഉണ്ടെങ്കിൽ മാത്രമേ കൃഷിയിൽ ലാഭകരമായി തുടരാൻ കഴിയൂ. ഇടവിളക്കൃഷി, തേനീച്ചവളർത്തൽ, കോഴിവളർത്തൽ, മീൻവളർത്തൽ, ഫാം ടൂറിസം എന്നിങ്ങനെ റബ്ബർകർഷകർക്ക് അധികവരുമാനം നൽകുന്ന ഒട്ടേറെ മാർഗങ്ങളുണ്ട്. എന്നാൽ, പലർക്കും തങ്ങളുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സ്ഥിരമായ വിപണി കണ്ടെത്താൻ കഴിയുന്നില്ല. തേൻ പോലുള്ള ഉത്പന്നങ്ങൾ സംസ്കരിച്ച് മാത്രമേ വിൽക്കാൻ കഴിയൂ. അതുപോലെ അവയുടെ ഗുണമേന്മ നഷ്ടപ്പെടാതെ പായ്ക്ക് ചെയ്യുകയും വേണം. യന്ത്രസാമഗ്രികൾ അടക്കം ഇത്തരം ആവശ്യങ്ങൾക്കുള്ള സംവിധാനങ്ങൾ വാങ്ങുന്നത് ചെലവേറിയ കാര്യമാണ്. ചെറുകിടകർഷകർക്ക് ഒറ്റയ്ക്ക് അതിനുള്ള സൗകര്യങ്ങൾ ഒരുക്കാൻ കഴിയാറില്ല. അതുകൊണ്ട് അവരുടെ ഉത്പന്നങ്ങൾക്ക് പലപ്പോഴും വൻകിട 'ബ്രാൻഡു'കളുടെ മുമ്പിൽ പിടിച്ചു നിൽക്കാൻ കഴിയാതെ വരുന്നു. ചെറുകിടകർഷകരുടെ കൂട്ടായ സംരംഭങ്ങളിലൂടെ മാത്രമേ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയൂ.

റബ്ബർബോർഡ് ഇപ്പോൾ സ്വന്തം തോട്ടങ്ങളിൽ നിന്ന് ലഭിക്കുന്ന തേൻ സംസ്കരിച്ച് 'റബ്ബ്‌നി' ('RubNey') എന്ന പേരിൽ ആധുനികരീതിയിൽ ഗുണമേന്മ നഷ്ടപ്പെടാതെ പായ്ക്കുചെയ്ത് വിപണിയിൽ എത്തിക്കുന്നതിനുള്ള ഒരുക്കത്തിലാണ്. അതോടൊപ്പം റബ്ബറുത്പാദകസംഘങ്ങളുടെ കീഴിൽ റബ്ബർകർഷകർ ഉത്പാദിപ്പിക്കുന്ന തേൻ സംഭരിച്ച് ഈ ബ്രാൻഡിൽ വിൽക്കുന്നതിനാണ് പദ്ധതിയിടുന്നത്. കർഷകർ ഉത്പാദിപ്പിക്കുന്ന തേനിന് സ്ഥിരമായ വിപണി കണ്ടെത്താൻ ഇതിലൂടെ സാധിക്കുമെന്നാണ് ബോർഡിന്റെ പ്രതീക്ഷ.

ഈ ഒരു സമീപനം തേനിന്റെ കാര്യത്തിൽ മാത്രമല്ല, കർഷകർ ഉത്പാദിപ്പിക്കുന്ന ഇടവിളകൾക്കുമെല്ലാം ആവശ്യമാണ്. കൂട്ടായി സംഭരിക്കുന്ന ഉത്പന്നങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് ഒരു പൊതുവായ ബ്രാൻഡിന് കീഴിൽ വിൽക്കാൻ കഴിഞ്ഞാൽ വൻകിടക്കാർ അടക്കി വാഴുന്ന വിപണികളിൽ ചെറുകിടകർഷകർക്കും തങ്ങളുടേതായ ഇടം കണ്ടെത്താൻ കഴിയുമെന്നത് തീർച്ചയാണ്. മത്സരക്ഷമത ആർജിച്ചാൽ മാത്രമേ പിടിച്ചു നിൽക്കാൻ കഴിയൂ എന്നത് റബ്ബർകർഷകർ ഓർക്കേണ്ടതുണ്ട്.

നവവത്സരാശംസകളോടെ

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്


RUBBER GROWERS' CONFERENCE



# റബ്ബർകർഷക സമ്മേളനങ്ങൾ

റബ്ബർകൃഷിമേഖലയിലെ സാധ്യതകളെക്കുറിച്ചും പ്രതിസന്ധികൾ തരണം ചെയ്യുന്നതിനുള്ള മാർഗങ്ങളെക്കുറിച്ചും കർഷകരുമായി ചർച്ച ചെയ്യുന്നതിന് തമിഴ്നാട്ടിൽ കുലശേഖരം, കേരളത്തിൽ കണ്ണൂർ ജില്ലയിൽ ഇരിട്ടി, കർണാടകത്തിൽ ബെൽത്തങ്ങാടി എന്നിവിടങ്ങളിൽ വച്ച് റബ്ബർബോർഡ് കർഷകസമ്മേളനങ്ങൾ സംഘടിപ്പിച്ചു.

റബ്ബർകൃഷിമേഖല അനുകൂലവും പ്രതികൂലവുമായ വ്യത്യസ്ത സാഹചര്യങ്ങളിൽ കൂടിയാണ് കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. റബ്ബറിന്റെ ആവശ്യകത അനുദിനം കൂടിക്കൊണ്ടിരിക്കുന്നു. എന്നാൽ, രാജ്യത്ത് ആഭ്യന്തരാവശ്യത്തിനുള്ള റബ്ബർ ഉത്പാദിപ്പിക്കപ്പെടുന്നില്ല. പ്രകൃതിദത്തറബ്ബറിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഉത്പന്നത്തിന്റെ വിലയിലെ ഏറ്റക്കുറച്ചിലുകൾ, അന്താരാഷ്ട്രതലത്തിലുള്ള നിയമനിർമാണങ്ങൾ, കാലാവസ്ഥാവ്യതിയാനം, വിദഗ്ധരായ തൊഴിലാളികളുടെ അഭാവം തുടങ്ങിയവ കർഷകരെ പലപ്പോഴും പ്രതിരോധത്തിലാക്കുന്നു. യൂറോപ്യൻ യൂണിയൻ ഡീഫോറസ്റ്റേഷൻ റെഗുലേഷൻ (ഇ.യു.ഡി.ആർ.) രോഗപ്രതിരോധമാർഗങ്ങൾ നടപ്പാക്കുന്നതിൽ ഡ്രോണുകളുടെ ഉപയോഗം, ക്രൗൺ ബഡ്ഡിങ്, ഗവേഷണ-വിജ്ഞാനവ്യാപനമേഖലകളിൽ ഇതര സ്ഥാപനങ്ങളുമായുള്ള സഹകരണം തുടങ്ങി റബ്ബർ ബോർഡ് ഊന്നൽ നൽകുന്ന വിഷയങ്ങൾ യോഗങ്ങളിൽ പ്രത്യേകമായി ചർച്ച ചെയ്തു.

### കുലശേഖരം

കുലശേഖരത്ത് വെച്ച് നടത്തിയ റബ്ബർകർഷക സമ്മേളനം റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ആണ് ഉദ്ഘാടനം ചെയ്തത്. റബ്ബറിന്റെ ഉത്പാദനച്ചെലവ് കുറയ്ക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ടാപ്പിങ്മേഖലയിൽ യന്ത്രവൽക്കരണത്തിന്റെ സാധ്യതകൾ പരീക്ഷണഘട്ടത്തിൽ ആണെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ നേതൃത്വത്തിൽ തമിഴ്നാടിന്റെ പല ഭാഗങ്ങളിലും പുതിയ റബ്ബറിനങ്ങൾ





*കുലശേഖരത്തെ റബ്ബർകർഷകസമ്മേളനം റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ഉദ്ഘാടനം ചെയ്യുന്നു. കന്യാകുമാരി ജില്ലാകളക്ടർ ആർ. അളഗു മീന ഐ.എ.എസ്., റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. ടി. സിജു എന്നിവർ സമീപം.*



*ആർ. അളഗു മീന ഐ.എ.എസ്.*

പരീക്ഷണാടിസ്ഥാനത്തിൽ നട്ടുവരുന്ന കാര്യം അദ്ദേഹം തന്റെ ഉദ്ഘാടനപ്രസംഗത്തിൽ പ്രതിപാദിച്ചു. റബ്ബർകർഷകർ ബോർഡിന്റെ വിവിധ ഓഫീസുകളുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായ കൃഷിരീതികൾ മനസ്സിലാക്കാനും നിലവിലുള്ള പദ്ധതികളിൽ നിന്ന് പരമാവധി സാമ്പത്തികസഹായങ്ങൾ നേടാനും ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു. റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. ടി. സിജു യോഗത്തിൽ അധ്യക്ഷനായിരുന്നു.

ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന കന്യാകുമാരി ജില്ലാകളക്ടർ ആർ. അളഗു മീന ഐ.എ.എസ്., ജില്ലയിലെ റബ്ബർകർഷകർ നേരിടുന്ന പ്രശ്നങ്ങൾ തമിഴ്നാട് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപെടുത്തി, അവയ്ക്ക് പരിഹാരം കാണാൻ ശ്രമിക്കുമെന്ന് പറഞ്ഞു. കന്യാകുമാരി ജില്ലയിൽ ഏകദേശം 29,060 ഹെക്ടർ സ്ഥലത്ത് റബ്ബർകൃഷി ഉണ്ടെന്നും 43,415 ചെറുകിടകർഷകർ ഇതുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും അവർ പറഞ്ഞു. 'പ്രൈവറ്റ് ഫോറസ്റ്റ് ആക്റ്റ്' (Private Forest Act) നിലനിൽക്കുന്നതിനാൽ പഴയ മരങ്ങൾ മുറിച്ചുമാറ്റി ആവർത്തനക്കൃഷി ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നതായി കർഷകർ പരാതികൾ നൽകിയിട്ടുണ്ടെന്ന് കളക്ടർ അറിയിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ ഈ നിയമം ഇല്ല എന്ന് അറിയാൻ കഴിഞ്ഞെന്നും ഈ വിഷയത്തിന് പരിഹാരം കാണാൻ ശ്രമിക്കുമെന്നും അവർ പറഞ്ഞു.

റബ്ബർബോർഡ് വൈസ് ചെയർമാൻ ജി. അനിൽ കുമാർ, റബ്ബർബോർഡ് അംഗം കെ. വിശ്വനാഥൻ, ജോയിന്റ്



*ജി. അനിൽകുമാർ*



*ഡോ. ടി. സിജു*



*എൻ. സലി*



*യോഗത്തിൽ പങ്കെടുത്തവർ*

റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ എൻ. സലി, തമിഴ്നാട് കൃഷിവകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാരായ വൈ. ഷീല ജോൺ, ജൻകിൻസ്; റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ കെ. മുരളി എന്നിവർ പ്രസംഗിച്ചു.

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ജോയിന്റ് ഡയറക്ടർ റ്റോംസൺ ഫ്രാൻസിസ്, റബ്ബർബോർഡിലെ ഡെപ്യൂട്ടി ഡയറക്ടർ (പി. ആന്റ് പി.ആർ.) ഇൻ ചാർജ് പി. പ്രസാദ്, ഡെവലപ്മെന്റ് ഓഫീസർ എ.ജെ. ജോസ്, അസിസ്റ്റന്റ് ഡയറക്ടർ ബിനു മാത്യു, ഡെവലപ്മെന്റ് ഓഫീസർമാരായ എസ്. നിർമൽകുമാർ, ഐ.എസ്. ആനന്ദകുമാരി; അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ വി. മനോജ്കുമാർ എന്നിവർ കർഷകർക്ക് ക്ലാസ്സുകൾ എടുത്തു. റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞരായ ഡോ. ഷാജി ഫിലിപ്പ്, ഡോ. ഫേബ ജോസഫ്, ജോബി ജോസഫ്, റെജു എം.ജെ. എന്നിവർ കർഷകരുമായി സംവദിച്ചു. മികച്ച റബ്ബർകർഷകരായ പ്രദീപ് കുമാർ, എം. വിജയൻ, സി. ജയകുമാർ എന്നിവർ അവരുടെ കാർഷികരീതികൾ മറ്റു കർഷകരുമായി പങ്കുവെച്ചു.

### ഇരിട്ടി

ഇരിട്ടിയിൽ വെച്ച് നടന്ന റബ്ബർകർഷകസമ്മേളനം റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. ടി. സിജു ഉദ്ഘാടനം ചെയ്തു. ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ എൻ. സലി അധ്യക്ഷത വഹിച്ച യോഗത്തിൽ റബ്ബർബോർഡ് അംഗം എം.പി. രാജീവൻ, റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർമാരായ എം.പി. പവിത്രൻ നമ്പ്യാർ, കെ. ഹരിദാസ് എന്നിവർ സംസാരിച്ചു.

റബ്ബർബോർഡിന്റെ വിവിധ പദ്ധതികളെക്കുറിച്ച് ഡെവലപ്മെന്റ് ഓഫീസർ ജയചന്ദ്രൻ കാപ്പാടനും തൊഴിലാളിക്ഷേമപദ്ധതികളെക്കുറിച്ച് അസിസ്റ്റന്റ് ഡയറക്ടർ ബിനു മാത്യുവും വിശദീകരിച്ചു. റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ ജെ. ദയാഭായി, റബ്ബർബോർഡ് കമ്പനിയായ കാഞ്ഞങ്ങാട് റബ്ബേഴ്സിന്റെ ഡിപ്പോ മാനേജർ ഇ. മാധവൻ എന്നിവരും യോഗത്തിൽ സംസാരിച്ചു.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിന്റെ വിവിധ പരിശീലനപരിപാടികളെക്കുറിച്ച് ഡെവലപ്മെന്റ് ഓഫീസർ എ.ജെ. ജോസും റബ്ബർബോർഡിലെ പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ് ഡിവിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പബ്ലിസിറ്റി ഓഫീസർ ബി. ശ്രീകുമാറും വിശദീകരിച്ചു. തുടർന്ന് നടന്ന മുഖാമുഖം പരിപാടിയിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞരും സാങ്കേതിക വിദഗ്ധരും കർഷകരുമായി



*ഇരിട്ടിയിലെ റബ്ബർകർഷകസമ്മേളനം റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. ടി. സിജു ഉദ്ഘാടനം ചെയ്യുന്നു.*



*റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. ടി. സിജു കർഷകരെ അഭിസംബോധന ചെയ്യുന്നു.*

സംവദിച്ചു. റബ്ബർകൃഷി, പരിപാലനം, രോഗനിയന്ത്രണം, സംസ്കരണം തുടങ്ങി വിവിധ മേഖലകളിൽ കർഷകർക്കുള്ള സംശയങ്ങൾ സാങ്കേതിക വിദഗ്ധരുമായി നേരിട്ട് ചർച്ച ചെയ്യുന്നതിന് അവസരമുണ്ടായിരുന്നു. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞരായ ഡോ. ഷാജി ഫിലിപ്പ്, ഡോ. റ്റി. മീനാകുമാരി, ഡോ. ഫേബ ജോസഫ്, വീരപുത്രൻ എസ്., ഡോ. തോംസൺ ഏബ്രഹാം എന്നിവരും അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഓഫീസർ എം.എൻ. ബിജുവും കർഷകരുടെ സംശയങ്ങൾക്ക് മറുപടി നൽകി. റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ എം.പി. പവിത്രൻ നമ്പ്യാർ ആയിരുന്നു മോഡറേറ്റർ.

### ബെൽത്തങ്ങാടി

കർണാടകയിലെ ബെൽത്തങ്ങാടിയിൽ വെച്ച് നടന്ന റബ്ബർകർഷകസമ്മേളനം റബ്ബർബോർഡ് എക്സിക്യൂട്ടിവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ഉദ്ഘാടനം ചെയ്തു. റബ്ബർകർഷകസമൂഹവുമായി ആശയവിനിമയം നടത്താനും അവർ നേരിടുന്ന പ്രശ്നങ്ങൾക്ക് പ്രായോഗികപരിഹാരം കാണാനും റബ്ബർബോർഡ് പ്രതിജ്ഞാബദ്ധമാണെന്ന് ഉദ്ഘാടനപ്രസംഗ



*എം. വസന്തഗേശൻ ഐ.ആർ.എസ്.*




*ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞരും സാങ്കേതികവിദഗ്ദ്ധരും കർഷകരുമായി സംവദിക്കുന്നു. മോഡറേറ്റർ - ഡെവലപ്മെന്റ് ഓഫീസർ ഷോബി ജോസഫ് (ഇടത്ത്)*



*കേശവ ഭട്ട് മൂലിയ*



*ബിനു മാത്യു*

ത്തിൽ അദ്ദേഹം പറഞ്ഞു. ബെൽത്തങ്ങാടിയിലെ ശ്രീ ധർമ്മസ്ഥല മഞ്ജുനാഥസ്വാമി കലാഭാവനയിൽ വെച്ച് നടത്തിയ യോഗത്തിൽ റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. ടി. സിജു അധ്യക്ഷനായിരുന്നു. റബ്ബർബോർഡ് അംഗം കേശവ ഭട്ട് മൂലിയ, ബെൽത്തങ്ങാടി താലൂക്ക് റബ്ബർ ഗ്രോവേഴ്സ് മാർക്കറ്റിങ് ആന്റ് പ്രോസസ്സിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ പ്രസിഡന്റ് ശ്രീധർ ജി. ബിടെ, അജേകാർ റബ്ബർ ആന്റ് ആദർ അഗ്രിക്കൾച്ചറൽ ഗ്രോവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റ് സീതാറാം ആചാർ; റബ്ബർബോർഡിലെ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഷീജ ടി.പി., ഡെവലപ്മെന്റ് ഓഫീസർ ടി.വി. മാത്യു, അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ നിന ജോഷ്വ എന്നിവർ സംസാരിച്ചു.

റബ്ബർകൃഷിവികസനപദ്ധതികളെക്കുറിച്ച് റബ്ബർ ബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ഷോബി ജോസഫ് വിശദീകരിച്ചു. റബ്ബർബോർഡിന്റെ തൊഴിലാളി ക്ഷേമപദ്ധതികൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് നടത്തുന്ന പരിശീലനപരിപാടികൾ, ബോർഡിന്റെ പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള ചർച്ചാക്ലാസ്സുകളും ഉണ്ടായിരുന്നു. .

സമ്മേളനത്തിന്റെ ഭാഗമായി നടന്ന പാനൽ ചർച്ചയിൽ യൂറോപ്യൻ യൂണിയൻ ഡീഫോറസ്റ്റേഷൻ റെഗുലേഷൻ (ഇ.യു.ഡി.ആർ.). കാർബൺ ക്രെഡിറ്റ്, സുസ്ഥിര കാർഷികരീതികൾ, റബ്ബർപാൽ സംസ്കരണം, രോഗനിയന്ത്രണം തുടങ്ങിയ വിഷയങ്ങൾ തുറന്ന ചർച്ചകൾക്കും ആശയങ്ങൾ പങ്കുവയ്ക്കലിനും വേദിയൊരുക്കി. പ്രമുഖ കർഷകരായ സെബി ജോസ്, സുബാഷ് റായ്, പി.കെ. പ്രസാദ് എന്നിവർ അവരുടെ കൃഷിയറിവുകളും അനുഭവങ്ങളും യോഗത്തിൽ പങ്കുവെച്ചു. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞരായ ഡോ. ഷാജി ഫിലിപ്പ്, ഡോ. റ്റി. മീനാകുമാരി, ഡോ. ഫേബ ജോസഫ്, വീരപുത്രൻ എസ്., ഡോ. തോംസൺ ഏബ്രഹാം എന്നിവരും അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഓഫീസർ എം.എൻ. ബിജുവും കർഷകരുടെ സംശയങ്ങൾക്ക് മറുപടി നൽകി. റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ഷോബി ജോസഫ് ആണ് വിവരങ്ങൾ കർഷകർക്ക് കന്നട ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി നൽകിയത്. •







ഡോ. ഷാജി ഫിലിപ്പ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

എഡ്വിൻ പ്രേം
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# മഞ്ഞുകാലരോഗങ്ങളെ നിയന്ത്രിക്കണം

മഴ മാറി മഞ്ഞുകാലം തുടങ്ങുന്നതോടെ റബ്ബർ മരങ്ങളുടെ ഇലകൾ കൊഴിഞ്ഞ് പുതിയ തളിരിലകൾ ഉണ്ടാകാൻ തുടങ്ങും. മഞ്ഞും ഇടയ്ക്കിടെ ഉണ്ടാകുന്ന ചാറ്റൽമഴയും തളിരിലകളിൽ കുമിൾരോഗങ്ങൾ ബാധിക്കുന്നതിന് സാധ്യത കൂട്ടും. ചെറിയ തൈകളിലെ തളിരിലകളിലും രോഗബാധയുണ്ടാകാം. ഈ സമയത്ത് റബ്ബറിനെ ബാധിക്കുന്ന പ്രധാന രോഗങ്ങളാണ് പൊടിക്കുമിൾ രോഗവും (Powdery mildew) *കൊറിനിസ്പോറ* ഇലകൊഴിച്ചിലും *(Corynespora)*. തളിരിലകളെ ബാധിക്കുന്ന രോഗങ്ങളെ യഥാസമയം നിയന്ത്രിച്ചില്ലെങ്കിൽ പിന്നീടുള്ള കാലം മരങ്ങളിൽ ഇലച്ചിൽ കുറയാനും തന്മൂലം ഉത്പാദനത്തിൽ ഇടിവുണ്ടാകാനും സാധ്യതയുണ്ട്. ചെറുതൈകളിലെ രോഗബാധ തടഞ്ഞില്ലെങ്കിൽ വളർച്ച കുറഞ്ഞ് മരങ്ങൾ ടാപ്പുചെയ്യാനുള്ള പാകമാകാനുള്ള സമയം (അപക്വകാലം) കൂടാൻ ഇടയാകും.

പുതുതായി ഉണ്ടാകുന്ന ഇലകൾ വർഷം മുഴുവൻ ആരോഗ്യത്തോടെ മരങ്ങളിൽ നിലനിന്നാൽ മാത്രമേ മരങ്ങൾക്ക് കരുത്തും ഉത്പാദനശേഷിയും ഉണ്ടാകൂ. ഇതിനായി ഈ രോഗങ്ങൾക്ക് എതിരെ ഫലപ്രദമായി രോഗപ്രതിരോധനടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. അവ എങ്ങനെയൊക്കെ എന്ന് വിശകലനം ചെയ്യാം.




*പൊടിക്കുമിൾ രോഗം ബാധിച്ച ഇലകൾ*

## പൊടിക്കുമിൾ രോഗം (Powdery mildew)

പൊടിക്കുമിൾ രോഗം ഉണ്ടാക്കുന്നത് *ഒയിഡിയം ഹീവിയ* (*Oidium heveae*) എന്ന കുമിളാണ്. നഴ്സറി ത്തൈകളെ മുതൽ വലിയ മരങ്ങളെ വരെ ഈ രോഗം സാരമായി ബാധിക്കാറുണ്ട്. ഈ രോഗത്തിന് നിദാനമായ കുമിളുകൾ ജീവനുള്ള ഇലകളിൽ മാത്രമേ ജീവിക്കുകയുള്ളൂ. പരീക്ഷണശാലയിൽ ഈ കുമിളുകളെ കൃത്രിമമായി വളർത്തിയെടുക്കാൻ സാധിക്കുകയില്ല. ഈ രോഗം റബ്ബർമരങ്ങളിലെ വിത്തുത്പാദനത്തെയും തേനുത്പാദനത്തെയും സാരമായി ബാധിക്കുന്നു.

പൊടിക്കുമിൾ രോഗം മൂലം ഏകദേശം 14 മുതൽ 32 വരെ ശതമാനം വിളവുനഷ്ടം ഉണ്ടാകുന്നതായി കണ്ടിട്ടുണ്ട്. ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ പ്രായപൂർത്തിയായ മരങ്ങളിൽ പൊടിക്കുമിൾ രോഗം പല തവണ വരാറുണ്ട്. ഇത് ഏപ്രിൽ, മെയ് മാസങ്ങളിൽ ഉത്പാദനക്കുറവിന് കാരണമാകാം.

### രോഗലക്ഷണങ്ങൾ

എല്ലാ പ്രായത്തിലുമുള്ള മരങ്ങളിലെയും തളിരിലകളെ പൊടിക്കുമിൾ രോഗം ബാധിക്കുന്നു. രോഗം മൂലം ഇലയുടെ സ്വാഭാവികനിറം നശിക്കുന്നു. കുമിളിന്റെ രേണുക്കൾ ഇലപ്പരപ്പിൽ വെളുത്ത പൊടിപോലെ പാടുകളായി പറ്റിപ്പിടിച്ചിരിക്കുന്നതാണ് പ്രധാന രോഗലക്ഷണം. രോഗബാധയുടെ കാഠിന്യം പ്രധാനമായും റബ്ബർ കൃഷിചെയ്തിരിക്കുന്ന സ്ഥലത്തിന്റെ ഉയരം, കിടപ്പ്, കാലാവസ്ഥ, നട്ടിരിക്കുന്ന റബ്ബറിനങ്ങൾ, റബ്ബർമരത്തിന്റെയും ഇലകളുടെയും പ്രായം തുടങ്ങിയ പല കാര്യങ്ങളെയും ആശ്രയിച്ചിരിക്കും.

രോഗം ബാധിച്ച ഇലകൾ കരിഞ്ഞ് ചുരുങ്ങുകയും പിന്നീട് കൊഴിഞ്ഞുപോകുകയും ചെയ്യും. ഇലത്തണ്ടുകൾ കൊഴിയാതെ കുറ്റിച്ചൂലുപോലെ കുറെ ദിവസം മരങ്ങളിൽ നിൽക്കുന്നതായും കാണാം. മൂപ്പെത്തിയ ഇലകൾ കൊഴിയാറില്ല. എങ്കിലും ഇലപ്പരപ്പിൽ പല ആകൃതിയിലും വലിപ്പത്തിലുമുള്ള പാടുകൾ ഉണ്ടാകുകയും പിന്നീട് ആ പാടുകൾ തവിട്ട് നിറത്തിലാകുകയും ചെയ്യും. മൂടിക്കെട്ടിയ അന്തരീക്ഷം, ചാറ്റൽമഴ, മഞ്ഞ് എന്നിവയെല്ലാം പൊടിക്കുമിൾ രോഗം ഉണ്ടാകുന്നതിനുള്ള അനുകൂലഘടകങ്ങളാണ്. ഇത്തരം സാഹചര്യങ്ങളിൽ രോഗവ്യാപനവും വളരെ വേഗത്തിലായിരിക്കും.

വൈകി ഇലകൊഴിയുന്ന മരങ്ങളിൽ രോഗബാധ കഠിനമായി കാണപ്പെടുന്നു. നേരത്തെ ഇലകൊഴിയുന്ന സ്വഭാവമുള്ള റബ്ബറിനങ്ങൾ പൊടിക്കുമിൾ രോഗബാധയിൽ നിന്ന് രക്ഷപെടുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇപ്പോൾ നടീലിനായി ശുപാർശ ചെയ്തിരിക്കുന്ന ഇനങ്ങളിലെല്ലാം രോഗബാധ കാണാറുണ്ട്. തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലും കേരളത്തിലെ വയനാട്, ഇടുക്കി എന്നീ മലയോരജില്ലകളിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും പൊടിക്കുമിൾ രോഗം വ്യാപകമാണ്.

### രോഗപ്രതിരോധമാർഗങ്ങൾ

പൊടിക്കുമിൾ രോഗത്തെ വളരെ ഫലപ്രദമായി നിയന്ത്രിക്കാം. ഗന്ധകപ്പൊടി (സൾഫർ) അടിക്കുന്നത് രോഗബാധ തടയുന്നതിന് ഫലപ്രദമാണ്. എഴുപത് ശതമാനം ഗന്ധകമടങ്ങിയ പൊടിയാണ് പൊതുവെ ഉപയോഗിക്കുന്നത്. 325 മെഷ് വലിപ്പമുള്ള അരിപ്പയിൽ കൂടി കടന്നുപോകുന്നതും നന്നായി ഉണങ്ങിയതുമായ ഗന്ധകപ്പൊടി അന്തരീക്ഷത്തിൽ പെട്ടന്ന് വ്യാപിച്ച് ഇലകളിൽ പറ്റിപ്പിടിക്കും. ഒരു ഹെക്ടറിലേക്ക് ഒരു തവണ അടിക്കാൻ 11 മുതൽ 14 വരെ കിലോഗ്രാം ഗന്ധകപ്പൊടി ആവശ്യമാണ്. സ്വാഭാവിക ഇലകൊഴിച്ചിലിനുശേഷം തോട്ടങ്ങളിൽ പത്തുശതമാനം മരങ്ങൾ തളിരിടുമ്പോൾ മുതൽ ഇലകൾ മൂപ്പെത്തുന്നതുവരെ ഒരാഴ്ച മുതൽ രണ്ടാഴ്ച വരെ ഇടവിട്ട് മൂന്ന് മുതൽ ആറ് വരെ തവണ ഗന്ധകപ്പൊടി അടിക്കേണ്ടതായി വരും. വലിയ മരങ്ങളിൽ മൈക്രോൺ ഡസ്റ്റർ ഉപയോഗിച്ച് ഗന്ധകപ്പൊടി അടിക്കുന്നതാണ് ഉത്തമം. തോട്ടങ്ങളിൽ നാലുവരി ഇടവിട്ട് ഡസ്റ്റർ കൊണ്ടുപോകേണ്ടതാണ്. ഒരു ഡസ്റ്റർ ഉപയോഗിച്ച് ഒരു ദിവസം ശരാശരി 12 ഹെക്ടർ സ്ഥലത്ത് പൊടി അടിക്കാൻ സാധിക്കും. പൊടി അടിക്കുന്നത് അതിരാവിലെയാകുന്നതാണ് ഉത്തമം. ഈ സമയം ഇലകളിൽ മഞ്ഞ് വീണ് നല്ല നനവ് ഉണ്ടാകുകയും കാറ്റ് ഇല്ലാതിരിക്കുകയും ചെയ്യും. അതിനാൽ ഇലകളിൽ പൊടി നന്നായി പറ്റിപിടിക്കും. ചെറുതൈകളിൽ (14–16 മീറ്റർ ഉയരത്തിൽ) പൊടി അടിക്കാൻ ഒരാൾക്ക് ചുമന്നുകൊണ്ടുപോകാവുന്ന തരത്തിലുള്ള 'സ്റ്റിൽ എസ്. ആർ. 450' എന്ന ഡസ്റ്റർ ഉത്തമമാണ്.

നഴ്സറിത്തൈകൾ, ചെറുമരങ്ങൾ എന്നിവയ്ക്ക് വെള്ളത്തിൽ കലർത്താവുന്ന ഗന്ധകം (വെറ്റബിൾ

സൾഫർ) 0.02 ശതമാനം വീര്യത്തിൽ (2.5 ഗ്രാം ഗന്ധകം ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിൽ) തളിച്ചു കൊടുത്താൽ രോഗബാധ തടയാം. അല്ലെങ്കിൽ കാർബെൻഡാസിം എന്ന കുമിൾനാശിനി 0.05 ശതമാനം (ഒരു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിൽ) ഉപയോഗിച്ചാലും രോഗബാധ ഫലപ്രദമായി നിയന്ത്രിക്കാം. കാർബെൻഡാസിം, വെറ്റബിൾ സൾഫർ എന്നിവ മാറി മാറി തളിക്കുന്നതാണ് കൂടുതൽ ഫലപ്രദം. ടാപ്പിങ് നടത്തുന്ന മരങ്ങളിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നത് പിന്നീടുള്ള മാസങ്ങളിൽ ഉത്പാദനം കൂടുന്നതിന് സഹായിക്കും.

### *കൊറിനിസ്പോറ* ഇലരോഗം (*Corynespora* leaf fall disease)

റബ്ബർമരങ്ങളുടെ തളിരിലകളെ ബാധിക്കുന്ന മറ്റൊരു രോഗമാണ് *കൊറിനിസ്പോറ* ഇലരോഗം. *കൊറിനിസ്പോറ കാസ്സിക്കോള* (*Corynespora cassiicola*) എന്ന ശാസ്ത്രീയനാമത്തിലുള്ള പൂപ്പലാണ് ഈ രോഗത്തിന് കാരണം. ആഫ്രിക്കയിലെ സിറാലിയോൺ എന്ന സ്ഥലത്ത് റബ്ബർചെടികളിൽ കണ്ടെത്തിയ ഈ രോഗം വളരെ അപ്രധാനമെന്നാണ് കരുതപ്പെട്ടിരുന്നത്. പിന്നീട് ഇന്ത്യയിലെയും മറ്റ് തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലെയും വലിയ റബ്ബർമരങ്ങളിൽ ഈ രോഗം ബാധിക്കുന്നതായി കണ്ടു. ശ്രീലങ്കയിൽ ഉത്പാദനത്തിൽ മുൻപന്തിയിൽ നിന്നിരുന്ന ആർ.ആർ.ഐ.സി. 103 എന്ന ഇനം ഈ രോഗം മൂലം ഏകദേശം 4500 ഹെക്ടർ കൃഷിയിടത്തിൽ നിന്ന് പൂർണമായും ഒഴിവാക്കപ്പെട്ടു. അതിൽനിന്ന് ഈ രോഗത്തിന്റെ കാഠിന്യം എത്രയാണെന്ന് നമുക്ക് മനസ്സിലാക്കാം.

ഇന്ത്യയിൽ ആദ്യമായി *കൊറിനിസ്പോറ* എന്ന ഇലരോഗം കണ്ടെത്തിയത് 1958-ൽ ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ നഴ്സറിയിലെ തൈകളിലാണ്. വലിയ മരങ്ങളിൽ വ്യാപകമായി രോഗം കണ്ടെത്തിയത് 1996-ൽ സൗത്ത് കർണാടക ജില്ലയിലെ നെട്ടണയിൽ ആണ്. പിന്നീട് ഈ രോഗം ആ പ്രദേശങ്ങളിൽ വ്യാപകമായി. കേരളത്തിലെ കാസറഗോഡ് ജില്ലയിലെ റബ്ബർ തോട്ടങ്ങളിലും രോഗം കാണപ്പെട്ടു. പിന്നീട് 2020-ൽ കണ്ണൂർ ജില്ലയിലെ മലയോരമേഖലയിലും കോഴിക്കോട്, തൃശ്ശൂർ, പത്തനംതിട്ട, പുനലൂർ തുടങ്ങിയ സ്ഥലങ്ങളിലും ആർആർഐഐ 105 ഇനത്തിൽ രോഗബാധ കണ്ടെത്തി.



2023-ൽ പൈക, പാല മേഖലയിലെ റബ്ബർമരങ്ങളിലും രോഗബാധ കാണുകയുണ്ടായി. പരമ്പരാഗതറബ്ബർ മേഖലയിൽ കോതമംഗലം, പിണവൂർക്കുടി, തൊമ്മൻകുത്ത്, തൊടുപുഴ തുടങ്ങിയ ചില പ്രദേശങ്ങളിലെ തോട്ടങ്ങളിലും *കൊറിനിസ്പോറ* രോഗം ഉള്ളതായി കണ്ടിട്ടുണ്ട്.



*കൊറിനിസ്പോറ രോഗം ബാധിച്ച ഇലകൾ*

**രോഗലക്ഷണങ്ങൾ**

സ്വാഭാവിക ഇലകൊഴിച്ചിലിനുശേഷം പുതിയ ഇലകൾ കിളിർക്കുന്ന സമയത്താണ് ഈ രോഗം ആരംഭിക്കുന്നത്. ചിലപ്പോൾ കാലവർഷം എത്തുന്നതുവരെ ഈ രോഗം തോട്ടങ്ങളിൽ നീണ്ടുനിൽക്കാം. എന്നാൽ, നഴ്സറികളിൽ സാധാരണമായി ആഗസ്റ്റ് മുതൽ മെയ് വരെയുള്ള മാസങ്ങളിലാണ് രോഗബാധ കാണപ്പെടുന്നത്. എല്ലാ പ്രായത്തിലുള്ള ഇലകളെയും രോഗം ബാധിക്കും. പുതുതായി വിരിഞ്ഞുവരുന്ന ബ്രൗൺ നിറമുള്ള ഇലകൾ, ഇളം പച്ചയിലകൾ, പകുതി മൂപ്പെത്തിയ പച്ചയിലകൾ എന്നിങ്ങനെയുള്ള ഇലകളിലാണ് രോഗബാധ വ്യാപകമായി കാണുന്നത്. ആദ്യമായി ഇലകളിൽ തവിട്ടുനിറമുള്ള ചെറിയ പൊട്ടുകൾ രൂപപ്പെടുന്നു. ഈ പൊട്ടുകൾ പിന്നീട് വൃത്താകൃതിയിലായി ഒന്ന് മുതൽ പത്ത് വരെ മി.മി. വ്യാസമുള്ള പാടുകൾ ആയി തീരും. ഈ പാടുകളുടെ മധ്യഭാഗം ഇളം തവിട്ടുനിറത്തിലും അരികുകൾ നല്ല തവിട്ടുനിറത്തിലും കാണപ്പെടുന്നു.

ഈ പാടുകളുടെ ചുറ്റിലും മഞ്ഞനിറമുള്ള വലയവും ഉണ്ടായിരിക്കും. ചിലപ്പോൾ യാതൊരു ആകൃതിയുമില്ലാതെയും വലിയ പാടുകൾ ഇലകളിൽ കാണാറുണ്ട്. പാടുകളുടെ മധ്യഭാഗം ഉണങ്ങി അടർന്നു വീണ് ദ്വാരങ്ങൾ ഉണ്ടാകുന്നതും സാധാരണമാണ്. മഞ്ഞനിറത്തിലുള്ള ഇലപ്പൊട്ടുകൾ കോണുകൾ പോലെ ഉയർന്നിരിക്കുന്നതായി കാണപ്പെടും. ഇതു രോഗത്തിന്റെ മറ്റൊരു പ്രധാനലക്ഷണമാണ്. രോഗം ഇലഞരമ്പുകളെയും ബാധിക്കും. ഞരമ്പുകൾ ആദ്യം തവിട്ടുനിറമാകുന്നു. പ്രധാന ഞരമ്പുകളേയും ശാഖാഞരമ്പുകളേയും രോഗം ബാധിക്കുന്നതോടെ ഭൂപടത്തിൽ റെയിൽവേ ലൈനുകൾ അടയാളപ്പെടുത്തിയിരിക്കുന്നതുപോലെ ഉള്ള പാടുകൾ ഇലകളിൽ ഉണ്ടാകും. പിന്നീട് ഈ ഇലകൾ വേഗം കൊഴിയുകയും ചെയ്യുന്നു. ഇലഞെട്ടിലോ മധ്യസിരയിലോ ഉണ്ടാകുന്ന ചെറിയ പാടുകൾ പോലും ഇലകൾ കരിയുന്നതിനും കൊഴിഞ്ഞുവീഴുന്നതിനും കാരണമാകും.

സൂര്യപ്രകാശം നേരിട്ടേൽക്കുന്ന സ്ഥലങ്ങളിലുള്ള ചെടികളിലെ ശിഖരങ്ങളിൽ രോഗം കൂടുതലായി കണ്ടുവരുന്നു. കഠിനമായ രോഗബാധയുണ്ടായാൽ ചെടികളുടെ നാമ്പ് ഉണങ്ങിപ്പോകുകയും ഇലകൾ കൊഴിയുകയും ചെയ്യും. പിന്നീട് കിളിർക്കുന്ന നാമ്പുകളെയും ഇലകളെയും കുമിളുകൾ വീണ്ടും ആക്രമിക്കാറുണ്ട്. ഇങ്ങനെ നിരന്തരമായി രോഗം വരുന്നതു മൂലം ശിഖരങ്ങളും മരങ്ങളും ഉണങ്ങിപ്പോകാറുണ്ട്. ആരോഗ്യം കുറഞ്ഞ മരങ്ങളിൽ രോഗബാധ കൂടുതലായി കാണപ്പെടുന്നു.

പ്രഭാതങ്ങളിലെ ഉയർന്ന ഈർപവും മൂടൽമഞ്ഞും പിന്നീടുള്ള പകൽ സമയത്തെ ഉയർന്ന താപനിലയും രോഗബാധ ഉണ്ടാകുന്നതിനും വ്യാപിക്കുന്നതിനും കാരണമാകും. തളിരിലകൾ ഉണ്ടാകുന്ന സമയത്ത് മേൽപറഞ്ഞ അവസ്ഥയുണ്ടെങ്കിൽ റബ്ബർമരങ്ങളെ രോഗം ബാധിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കണം. രോഗം ബാധിച്ച ഇലകൾ കൊഴിഞ്ഞുപോകാതെ നിലനിൽക്കുന്നത് ദൂരെക്കാഴ്ചയിൽ അഗ്നിബാധ ഏറ്റതുപോലെ തോന്നിപ്പിക്കുന്നു.

പല റബ്ബറിനങ്ങളിലും രോഗബാധയുണ്ടാകുന്നതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ട്. നമ്മുടെ നാട്ടിൽ വ്യാപകമായി കൃഷിചെയ്യുന്ന ആർആർഐഐ 105 എന്ന ഇനത്തിൽ രോഗബാധ കൂടുതലായി കാണപ്പെടുന്നു. ആർആർ ഐഐ 414-ന് സ്വാഭാവിക രോഗപ്രതിരോധശേഷി ഉള്ളതായിട്ടാണ് നിരീക്ഷിച്ചിട്ടുള്ളത്. ആർആർഐഐ 430-ന് ആർആർഐഐ 105-നേക്കാൾ പ്രതിരോധശേഷി കണ്ടിട്ടുണ്ട്. രോഗബാധയുള്ള സ്ഥലങ്ങളിൽ ഒരിനം റബ്ബർ തന്നെ കൃഷിചെയ്യുന്നത് നന്നല്ല. ആ ഇനത്തെ ബാധിക്കുന്ന രോഗങ്ങളിലേതെങ്കിലും വ്യാപകമായാൽ തോട്ടങ്ങൾ മുഴുവൻ നശിക്കാൻ ഇടയാകും. അതുകൊണ്ടാണ് റബ്ബർബോർഡ് 'ബഹുക്ലോൺ' സമ്പ്രദായം ശുപാർശ ചെയ്യുന്നത്.

**നിയന്ത്രണമാർഗങ്ങൾ**

രോഗകാലം ജനുവരി മുതൽ ഏപ്രിൽ വരെ നീണ്ടു



*കൊറിനിസ്പോറ രോഗം ബാധിച്ച തോട്ടം*

## ഗന്ധകപ്പൊടി ദോഷകരമല്ല



പൊടിക്കുമിളിനെതിരെ തോട്ടങ്ങളിൽ ഗന്ധകപ്പൊടി അടിക്കുന്നത് പല സ്ഥലങ്ങളിലും പ്രതിഷേധത്തിന് കാരണമാകാറുണ്ട്. ഇവ പരിസ്ഥിതിക്ക് യാതൊരു ദോഷവും ഉണ്ടാക്കുന്നില്ല. വികസിതരാഷ്ട്രങ്ങളിൽ ജൈവകൃഷിക്ക് ഗന്ധകപ്പൊടി ഉപയോഗിക്കുന്നുണ്ട്. അതുപോലെ ചില രോഗങ്ങളെ പ്രതിരോധിക്കാൻ മനുഷ്യനിലും ഗന്ധകപ്പൊടി കലർന്ന മരുന്നുകൾ ഉപയോഗിക്കുന്നു. അതിരാവിലെ ഗന്ധകപ്പൊടി അടിക്കുമ്പോൾ ഇലകളിലെ നനവും കാറ്റിന്റെ കുറവും മൂലം ഗന്ധകപ്പൊടി ഇലകളിൽ നന്നായി പറ്റിപ്പിടിക്കാൻ സഹായിക്കും. അതുകൊണ്ടാണ് തോട്ടങ്ങളിൽ നന്നേ പുലർച്ചെ ഗന്ധകപ്പൊടി അടിക്കണമെന്ന് റബ്ബർബോർഡ് ശുപാർശ ചെയ്തിരിക്കുന്നത്. •

നിൽക്കുന്നതിനാൽ *കൊറിനിസ്പോറ* രോഗത്തിന്റെ നിയന്ത്രണത്തിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. നഴ്സറിയിലും അപക്വകാലമരങ്ങളിലും തളിരിലകൾ വളരുന്നതും മൂപ്പെത്തുന്നതും വിവിധ സമയങ്ങളിലാണ്. ഇങ്ങനെയുള്ളപ്പോൾ രണ്ടുതവണ മാത്രം മരുന്ന് തളിച്ചതുകൊണ്ട് പ്രതീക്ഷിച്ച നിയന്ത്രണം കിട്ടണമെന്നില്ല. അതുകൊണ്ട് ഇപ്രകാരമുള്ള തൈകളിൽ (ഒന്ന് മുതൽ നാല് വരെ വർഷം പ്രായമുള്ളവയിൽ) വെള്ളത്തിൽ കലർത്തി തളിക്കാവുന്ന കുമിൾനാശിനിയാണ് ഉത്തമം. വെള്ളത്തിൽ കലർത്താവുന്ന കുമിൾനാശിനികളായ മാങ്കോസെബ് (0.2 ശതമാനം), കാർബെൻഡാസിം (0.05 ശതമാനം) ബോർഡോമിശ്രം (ഒരു ശതമാനം) തുടങ്ങിയവയിൽ ഏതെങ്കിലും ഒന്ന് തളിച്ചാൽ മതി.

തയോഫണേറ്റ് മീതൈൽ (0.07 ശതമാനം) അല്ലെങ്കിൽ പൈറക്ലോസ്ട്രോബിൻ + മെറ്റിറം (0.03%) എന്നിവയും രോഗനിയന്ത്രണത്തിന് ഫലപ്രദമെന്ന് റബ്ബർഗവേഷണകേന്ദ്രത്തിലെ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. രോഗബാധ സ്ഥിരമായി കാണാറുള്ള പ്രദേശങ്ങളിൽ 15 ദിവസത്തെ ഇടവേളയിൽ മുൻകൂട്ടി മരുന്ന് തളിക്കേണ്ടതാണ്. ബാക്ക്പായ്ക്ക്, റോക്കർ തുടങ്ങിയ സ്പ്രേയറുകൾ ഉപയോഗിച്ച് ചെറുമരങ്ങളിൽ കുമിൾനാശിനി തളിക്കാം. മൂന്ന് മുതൽ അഞ്ചു വരെ വർഷം പ്രായമായ മരങ്ങളിൽ ഹെക്ടർ ഒന്നിന് 500 മുതൽ 2000 വരെ ലിറ്റർ (ഇലപ്പടർപ്പിനനുസരിച്ച്) കുമിൾനാശിനി മിശ്രിതം ആവശ്യമായി വരാം.

അഞ്ചുവർഷത്തിനുമേൽ പ്രായമുള്ള മരങ്ങളിൽ വെള്ളത്തിൽ കലർത്താവുന്ന കുമിൾനാശിനി ഉപയോഗിച്ച് മരുന്ന് തളിക്കുന്നത് പ്രയാസവും ചിലവേറിയതുമാണ്. ഇത്തരം മരങ്ങൾക്ക് എണ്ണയിൽ കലർത്താവുന്ന ചെമ്പ് ചേർന്ന കുമിൾനാശിനി ഉപയോഗിക്കാം. കോപ്പർ ഓക്സിക്ലോറൈഡ് അഗ്രിക്കൾച്ചറൽ സ്പ്രേ ഓയിലുമായി 1:5 എന്ന അനുപാതത്തിൽ കലർത്തി (ഒരു ഹെക്ടറിന് 40 ലിറ്റർ) മൈക്രോൺ സ്പ്രേയർ ഉപയോഗിച്ച് വലിയ മരങ്ങളിലും മിസ്റ്റ് സ്പ്രേയർ ഉപയോഗിച്ച് ഉയരം കുറഞ്ഞ മരങ്ങളിലും മരുന്ന് തളിച്ച് രോഗപ്രതിരോധപ്രവർത്തനം നടത്തേണ്ടതാണ്.

ഈ രോഗങ്ങളെപ്പറ്റിയുള്ള സംശയനിവാരണത്തിന് റബ്ബർബോർഡിന്റെ കേന്ദ്രഓഫീസിലെ കോൾസെന്റർ (0481-2576622), റീജിയണൽ ഓഫീസുകൾ, റബ്ബർ ഗവേഷണകേന്ദ്രത്തിന്റെ പതോളജി വിഭാഗത്തിലെ വാട്സ് ആപ്പ് നമ്പർ (9496333117) എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്. •



ഡോ. ടി. ഗിരീഷ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# ഒട്ടുകമ്പുനഴ്സറി പരിപാലനം

വിത്തുഗുണം പത്തുഗുണം എന്നാണല്ലോ പറയുന്നത്. റബ്ബറിനെ സംബന്ധിച്ച് ‘മുള’ അല്ലെങ്കിൽ ‘ബഡ്ഡി’ൽ നിന്ന് തൈകൾ ഉത്പാദിപ്പിക്കപ്പെടുന്നതുകൊണ്ട് ബഡ്ഡുതൈകളെ വിത്തായി കണക്കാക്കുന്നു. ഗുണമേന്മയുള്ള റബ്ബർതൈകൾ ഉത്പാദിപ്പിക്കുന്നതിനായി കണ്ണൊട്ടിക്കൽ അഥവാ ബഡ്ഡിങ് എന്ന പ്രജനന മാർഗമാണ് ഉചിതം. ഇത് ശരിയായ രീതിയിൽ ചെയ്തെങ്കിൽ മാത്രമേ ആരോഗ്യമുള്ള തൈകൾ ഉത്പാദിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇനം മാറാതെ ഗുണമേന്മയുള്ള തൈകൾ ഉണ്ടാക്കിയെടുക്കുന്നതിൽ ഒട്ടുകമ്പുനഴ്സറികൾക്ക് ഏറെ പ്രാധാന്യമുണ്ട്. ഒട്ടുകമ്പുനഴ്സറികൾ പരിപാലിക്കുമ്പോൾ പ്രധാനമായും ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് ഈ ലേഖനത്തിൽ വിവരിക്കുന്നത്.

### ഒട്ടുകമ്പുനഴ്സറി

കണ്ണൊട്ടിക്കൽ നടത്താൻ ആവശ്യമായ ഒട്ടുകമ്പുകൾ ശേഖരിക്കുന്നത് ഒട്ടുകമ്പുനഴ്സറികളിൽ (ബഡ്ഡുവുഡ് നഴ്സറി) നിന്നാണ്. ഒട്ടുകമ്പുകളിലുള്ള കണ്ണുകളാണ് (കക്ഷമുകുളങ്ങൾ) ഭാവിയിൽ റബ്ബർമരമായി വളർന്ന് പന്തലിക്കുന്നത്. തവിട്ട് കണ്ണൊട്ടിക്കൽ (ബ്രൗൺബഡ്ഡിങ്) നടത്തുന്നതിനായി കണ്ണ് ശേഖരിക്കുന്നതിനുള്ള നഴ്സറികളെ തവിട്ട് ഒട്ടുകമ്പുനഴ്സറി (ബ്രൗൺ ബഡ്ഡുവുഡ് നഴ്സറി) കളെന്നാണ് അറിയപ്പെടുന്നത്. അതുപോലെ തന്നെ പച്ച കണ്ണൊട്ടിക്കാൻ വേണ്ടിവരുന്ന ഒട്ടുകമ്പ് ഉത്പാദിപ്പിക്കുന്ന നഴ്സറികളെ പച്ച ഒട്ടുകമ്പുനഴ്സറികളെന്നും പറയുന്നു.

### തവിട്ട് ഒട്ടുകമ്പുനഴ്സറി

സാധാരണമായി റബ്ബർതൈകൾ തവാരണകളിലാണ് തയ്യാറാക്കുന്നത്. ഇത് കൂടകളിലോ കപ്പുകളിലോ വേണമെങ്കിൽ ആകാവുന്നതാണ്. ആവശ്യമുള്ള ഇനങ്ങളുടെ





തൈകൾ ഉണ്ടാക്കിയെടുക്കുന്നതാണ് ആദ്യഘട്ടം. ഇതിന്റെ വംശശുദ്ധി വളരെ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ റബ്ബർതോട്ടത്തിൽ നിന്നുള്ള ഉത്പാദനത്തെ ബാധിക്കും. തവാരണ തയ്യാറാക്കുമ്പോൾ തണലില്ലാത്തതും നീർവാർച്ചയുള്ളതുമായ സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നതാണ് അനുയോജ്യം. മണ്ണ് 40 – 60 സെ.മീ. ആഴത്തിൽ ഇളക്കി വൃത്തിയാക്കിയതിനുശേഷം അടിവളമായി റോക്ക് ഫോസ്ഫേറ്റ് ചേർത്തുകൊടുക്കണം. ചെരിവുള്ള സ്ഥല ങ്ങളിൽ ഭൂമി തട്ടുകളായി തിരിച്ച് തടങ്ങൾ എടുത്തതിനു ശേഷം തൈകൾ നടുന്നതായിരിക്കും ഉചിതം. നടീൽ വസ്തുക്കളായി കപ്പുതൈകളോ കൂടത്തൈകളോ ഒട്ടുതൈക്കുറ്റികളോ ഉപയോഗിക്കാവുന്നതാണ്. സാധാരണമായി പരിഗണിക്കുന്ന ഇടയകലങ്ങൾ യഥാക്രമം 90 സെ.മീ. x 60 സെ.മീ. അല്ലങ്കിൽ 90 സെ.മീ. x 90 സെ.മീ. ആയി ക്രമീകരിക്കുക. ആരോഗ്യമുള്ള ബഡ്ഡുവുഡ്സ് കിട്ടാൻ ഈ ഇടയകലം സഹായിക്കും. കൂടാതെ, ഒരു പരിധിവരെ രോഗബാധ തടയാനും സാധിക്കും. ഒന്നിലധികം ഇനങ്ങൾ പ്രത്യേകം പ്രത്യേകം തവാരണകളിൽ നട്ട് സ്ഥായിയായി അടയാളപ്പെടുത്തുന്നത് നന്നായിരിക്കും. ഒരു 'ഫീൽഡ് പ്ലാൻ' അല്ലെങ്കിൽ 'ലേ ഔട്ട്' തയ്യാറാക്കി സൂക്ഷിക്കുന്നതും നല്ലതാണ്. പലയിനങ്ങൾ ഇടകലർത്തി നടാതിരിക്കാൻ പ്രത്യകം ശ്രദ്ധിക്കണം.

ഒട്ടുകമ്പിനുള്ള തൈകൾ തവാരണയിൽ നട്ടതിനു ശേഷം ശരിയായ പരിചരണം നൽകണം. ഉദ്ദേശിച്ച മുകുളത്തിൽ നിന്നാണ് ഒട്ടുകമ്പ് വളർന്നുവന്നതെന്ന് ഉറപ്പാക്കണം. മറ്റ് കിളിർപ്പുകൾ നശിപ്പിച്ചുകളയാൻ മറക്കരുത്. ഒട്ടുകമ്പിനെ ഒറ്റത്തടിയിൽ വളരാനും അനുവദിക്കണം. ഒരു ചെടിയിൽ മൂന്നിൽക്കൂടുതൽ കമ്പുകൾ നിർത്തേണ്ടതില്ല. റബ്ബറിന് സാധാരണമായി ചെയ്തുപോരുന്ന വളപ്രയോഗശുപാർശകൾ നൽകാവുന്നതാണ്. ശരിയായി പരിപാലിച്ചു വളർത്തുന്ന ഒരു ഒട്ടുകമ്പുനഴ്സറിയിൽ നിന്ന് ആദ്യവർഷം ഒരുമീറ്റർ തവിട്ട് ഒട്ടുകമ്പ് ലഭിക്കും.

തുടർന്ന് രണ്ടാം വർഷം മുതൽ രണ്ടോ മൂന്നോ മീറ്റർ ഒട്ടുകമ്പ് ലഭിക്കാം. ഒട്ടുകണ്ണ് വളരെ ബലപ്രയോഗം കൂടാതെതന്നെ ഇളക്കിയെടുക്കാൻ സാധിക്കുന്ന അവസ്ഥയിലാണ് ഒട്ടുകമ്പ് ബഡ്ഡിങ്ങിന് വേണ്ടി ഉപയോഗിക്കേണ്ടത്. ഒട്ടുകമ്പിലെ തവിട്ടുനിറമുള്ളതും ഇലകൊഴിഞ്ഞതുമായ കണ്ണുകളാണ് ഉപയോഗിക്കേണ്ടത്. എന്നാൽ, ഇല കൊഴിയാത്ത പാകമായ കണ്ണുകൾ ഇല മുറിച്ചുകളഞ്ഞും ബഡ്ഡിങ്ങിന് ഉപയോഗിക്കാം. ഇതിനായി ഒട്ടുകമ്പ് മുറിക്കാനുദ്ദേശിക്കുന്ന ദിവസത്തിന് കുറച്ചു ദിവസങ്ങൾക്കുമുമ്പ് ഇലകൾ മുറിച്ചു നിർത്തേണ്ടതുണ്ട്.

ചുവടുഭാഗത്തുനിന്ന് 15 സെ.മീ. മുകളിലായി വാൾ ഉപയോഗിച്ച് അറുത്തുമാറ്റിവേണം ഒട്ടുകമ്പ് ശേഖരിക്കാൻ. കുമിൾരോഗങ്ങൾ വരാതിരിക്കാൻ മുറിവുണങ്ങാനുള്ള വസ്തുക്കൾ മുറിപ്പാടിൽ പുരട്ടണം. ഒരു മീറ്റർ ഒട്ടുകമ്പിൽ നിന്നും ഏകദേശം 15 മുതൽ 20 വരെ കണ്ണുകൾ ലഭിക്കും.

ഇപ്രകാരം മുറിച്ചെടുത്ത ഒട്ടുകമ്പുകൾ അന്നേദിവസം തന്നെ ഉപയോഗിച്ചുതീർക്കാൻ ശ്രദ്ധിക്കണം. ഒട്ടുകമ്പിന്റെ മുറിച്ച ഭാഗം മെഴുകുപയോഗിച്ചു നന്നായി






സീൽ ചെയ്ത് തണലിലോ ഈർപ്പമുള്ള സ്ഥലത്തോ സൂക്ഷിച്ചാൽ ഒരാഴ്ചവരെ ബഡ്ഡിങ്ങിന് ഉപയോഗിക്കാം. ദൂരെ സ്ഥലങ്ങളിലേക്ക് കൊണ്ടുപോകേണ്ടിവന്നാൽ വാഴപ്പോള, നനവുള്ള ചാക്ക്, ചകിരി മുതലായവ ഉപയോഗിച്ച് ഒരു പെട്ടിയിൽ പായ്ക്ക് ചെയ്ത് സൂക്ഷിക്കാം. വേണ്ടരീതിയിൽ ജലാംശം നിലനിർത്തിയാൽ ഒട്ടുകമ്പ് ഒരാഴ്ചയിൽ കൂടുതൽ കേടുവരാതെ നിലനിർത്താം.

**പച്ച ഒട്ടുകമ്പുനഴ്സറി**

തവിട്ട് ഒട്ടുകമ്പുനഴ്സറിയിൽ നിന്നും ബഡ്ഡിങ്ങിന് ആവശ്യമായ പച്ച ഒട്ടുകമ്പുകളും ലഭിക്കും. വളർച്ചയുടെ ആദ്യഘട്ടത്തിൽ ഏകദേശം 6 മുതൽ 8 വരെ ആഴ്ചകൾക്കിടയിൽ ഒട്ടുകമ്പുകൾ പച്ചനിറത്തിൽ ലഭിക്കും. കൂടുതൽ പച്ച ഒട്ടുകമ്പുകൾ ലഭിക്കുന്നതിന് ഒട്ടുകമ്പുനഴ്സറിയിൽ 90 സെ.മീ. x 90 സെ.മീ. അകലം അല്ലങ്കിൽ 1 മീ. x 1 മീ. ഇടയകലം പാലിക്കാവുന്നതാണ്. തണ്ടുകൾ വളർന്ന് 75 സെ.മീ. വരെ തവിട്ടുനിറം ആകുന്ന സമയത്ത് അവിടെ വച്ച് മുറിച്ചുവിട്ടാൽ അതിനു താഴെ നിന്നും ധാരാളം ശാഖകൾ കിളിർത്തു തുടങ്ങും. ഇവയിൽ നല്ല ഊർജസ്വലതയുള്ളവ നിലനിർത്തി ബാക്കിയുള്ളവ മുറിച്ചുകളയണം. നിലനിർത്തിയ ശാഖകൾ വളർന്ന് ഏകദേശം 15 സെ.മീ. നീളത്തിൽ തവിട്ടുനിറമാകുമ്പോൾ ആ ഭാഗത്ത് വെച്ച് വീണ്ടും മുറിക്കണം. ഓരോ കമ്പിൽ നിന്നും നല്ല ആരോഗ്യമുള്ള രണ്ടോ മൂന്നോ ശാഖകൾ വീതം വളർത്തിയെടുക്കണം. അങ്ങനെ കുറ്റിച്ചെടിയുടെ രൂപത്തിൽ പച്ച ഒട്ടുകമ്പുനഴ്സറി വർഷങ്ങളോളം പരിപാലിക്കാം.



ഈ ശാഖകൾ 6 മുതൽ 8 വരെ ആഴ്ചകൾകൊണ്ട് ഒരുതട്ട് ഇലകൾ ഉണ്ടായിക്കഴിഞ്ഞിരിക്കും. ഈ ഘട്ടത്തിലാണ് ഒട്ടുകമ്പുകൾ ശേഖരിക്കേണ്ടത്. ഇലയില്ലാത്ത ഭാഗത്തുള്ള കണ്ണുകളാണ് ഉപയോഗിക്കേണ്ടത്. കമ്പുകൾ ശേഖരിക്കുന്നതിനുമുമ്പ് കമ്പിലെ കണ്ണുകൾ അനായാസം ഇളകിവരുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. 'ശൽക്കക്കണ്ണുകളും' 'ഇലക്കണ്ണുകളും' ബഡ്ഡിങ്ങിനായി ഉപയോഗിക്കാവുന്നതാണ്. ഒരു കമ്പിൽനിന്ന് ഏകദേശം മൂന്നു മുതൽ അഞ്ചു വരെ കണ്ണുകൾ ലഭിക്കും. ആറ് മുതൽ എട്ട് വരെ ആഴ്ചകൾ കഴിയുമ്പോൾ വീണ്ടും ഈ നഴ്സറിയിൽ നിന്നും ഇത്തരത്തിൽ ഒട്ടുകമ്പ് ലഭിക്കും എന്നതാണ് ഇതിന്റെ പ്രത്യേകത. പലപ്രാവശ്യം ഒട്ടുകമ്പ് ലഭിക്കുമെന്നതുകൊണ്ട് വർഷം മുഴുവനും ബഡ്ഡു ചെയ്യാൻ സാധിക്കും. പച്ച ഒട്ടുകമ്പ് താരതമ്യേന മൃദുവായതിനാൽ മുറിച്ചെടുത്തശേഷം ഉടൻതന്നെ നനഞ്ഞ ചാക്കിലോ പാത്രത്തിലെ വെള്ളത്തിലോ മുക്കിവെയ്ക്കേണ്ടതാണ്. മുറിച്ചഭാഗം മെഴുക് ഉപയോഗിച്ചു സീൽ ചെയ്യണം. നനഞ്ഞ അറക്കപ്പൊടിയിൽ സൂക്ഷിച്ചു വെച്ചാൽ ഒരാഴ്ചവരെയൊക്കെ കേടുകൂടാതിരിക്കും.

അഞ്ചു വർഷത്തിൽ കൂടുതൽ പ്രായമുള്ള ഒട്ടുകമ്പുനഴ്സറിയിൽനിന്ന് ശേഖരിക്കുന്ന ഒട്ടുകമ്പിന് ഗുണമേന്മ കുറവായിരിക്കുമെന്ന് ഒരു ധാരണ ചില കർഷകർക്ക് ഉണ്ട്. എന്നാൽ, അത് തെറ്റാണെന്ന് ദീർഘകാലം നടത്തിയ പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. ഒട്ടുകമ്പുനഴ്സറിയുടെ പ്രായത്തേക്കാൾ ഒട്ടുകമ്പിന്റെ വളർച്ചയ്ക്കും ജനിതകഗുണത്തിനുമാണ് പ്രാധാന്യം നൽകേണ്ടത്. •

# ‘റബ്ബർ അറിവുകൾ ഒരു വഴികാട്ടി’- ഗ്രന്ഥസൂചിക




ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രത്തിലെ ലൈബ്രറി ആന്റ് ഡോക്യുമെന്റേഷൻ സെന്റർ സംഘടിപ്പിച്ച രണ്ടാമത് ദേശീയ ലൈബ്രറി വാരാഘോഷത്തിന്റെ ഭാഗമായി ‘റബ്ബർ അറിവുകൾ ഒരു വഴികാട്ടി’ എന്ന ഒരു ഗ്രന്ഥസൂചിക പ്രസിദ്ധീകരിക്കുകയുണ്ടായി. റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. കോട്ടയം പി.എം. ശ്രീ കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രിൻസിപ്പൽ എൻ.വി. ജ്യോതി മോഹന് നൽകിക്കൊണ്ടാണ് ഇതിന്റെ പ്രകാശനം നിർവഹിച്ചത്.

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം 1955-ൽ സ്ഥാപിതമായത് മുതൽ റബ്ബർകൃഷിയുടേയും റബ്ബർകർഷകരുടെയും ഉന്നമനത്തിനായി ധാരാളം ഗവേഷണങ്ങൾ നടത്തിവരുന്നു. ഈ ഗവേഷണഫലങ്ങൾ കർഷകരിലേക്ക് എത്തിക്കാനുള്ള ഒരു പ്രധാന ഉപാധിയാണ് റബ്ബർബോർഡ് പ്രസിദ്ധീകരിക്കുന്ന റബ്ബർമാസിക. ഇതുകൂടാതെ മറ്റു കാർഷിക മാസികകളിലും റബ്ബർ സംബന്ധിച്ച ലേഖനങ്ങൾ പ്രസിദ്ധീകരിക്കാറുണ്ട്.

ലൈബ്രറി ആന്റ് ഡോക്യുമെന്റേഷൻ സെന്റർ കഴിഞ്ഞ കുറെ ദശകങ്ങളായി വിവിധ തരത്തിലുള്ള ഗ്രന്ഥസൂചികകൾ പ്രസിദ്ധീകരിച്ചുവരുന്നു. ഈ പരമ്പരയിലെ ആറാമത്തെയും റബ്ബറിനെക്കുറിച്ച് മലയാളത്തിൽ എഴുതിയ ലേഖനങ്ങളുടെ ആദ്യത്തെയും പ്രസിദ്ധീകരണമാണ് ‘റബ്ബർ അറിവുകൾ ഒരു വഴികാട്ടി’. റബ്ബർമാസികയിൽ 1965 മുതൽ 2024 സെപ്റ്റംബർ വരെ ഒന്ന് മുതൽ 700 വരെ വാല്യങ്ങളിലായി പ്രസിദ്ധീകരിച്ചതുൾപ്പെടെയുള്ള 3052 ലേഖനങ്ങൾ സംബന്ധിച്ച വിവരങ്ങളാണ് ഇതിൽ ഉൾപെടുത്തിയിരിക്കുന്നത്. റബ്ബർബോർഡിലെ ശാസ്ത്രജ്ഞരും സാങ്കേതികവിദഗ്ധരും ഉൾപ്പെടെയുള്ള ജീവനക്കാരും മറ്റ് രചയിതാക്കളും എഴുതിയ ലേഖനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഈ ഗ്രന്ഥസൂചികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.




ഈ സമാഹാരം മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു

**വിഭാഗം 1. ബിബ്ലിയോഗ്രഫി:** ലേഖനങ്ങൾ ഓരോ രചയിതാവിന്റെയും പേരിന്റെ അടിസ്ഥാനത്തിൽ മലയാളം അക്ഷരമാലാക്രമത്തിൽ സജ്ജമാക്കിയിരിക്കുന്നു. ആദ്യം ഓരോ രചയിതാവിന്റെയും സ്വന്തം രചനകളെപ്പറ്റിയും തുടർന്ന് മറ്റു രചയിതാക്കളോടൊപ്പം പ്രസിദ്ധീകരിച്ചവയെപ്പറ്റിയും കാലിക ക്രമത്തിൽ (chronological order) പ്രതിപാദിച്ചിരിക്കുന്നു. ഒരേ പേരും ഇനീഷ്യലുകളുമുള്ള രചയിതാക്കളെ തിരിച്ചറിയുന്നതിനായി ബ്രാക്കറ്റിൽ ‘a’, ‘b’ എന്നീ പ്രത്യയങ്ങൾ ഉപയോഗിച്ചിരിക്കുന്നു.

**വിഭാഗം 2. ഗ്രന്ഥകർത്തൃ സൂചിക (Author Index):** അക്ഷരമാലാക്രമത്തിൽ 587 രചയിതാക്കളുടെ പേരും അവരുടെ എൻട്രി നമ്പറുകളും ആണ് ഇതിൽ ഉൾപെടുത്തിയിട്ടുള്ളത്.

**വിഭാഗം 3. വിഷയ സൂചിക (Subject Index):** ലേഖനങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളും അനുബന്ധവാക്കുകളും ആണ് ഇതിൽ ഉൾപെടുത്തിയിട്ടുള്ളത്.

ഈ മൂന്ന് വിഭാഗങ്ങളും ഗ്രന്ഥസൂചികയുടെ ഉപയോഗം എളുപ്പമാക്കുന്നു.

റബ്ബറുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഗവേഷകർ, വിദ്യാർഥികൾ, കർഷകർ എന്നിവർക്ക് ആവശ്യമായ വിവരങ്ങൾ എളുപ്പത്തിൽ കണ്ടെത്താൻ ഏറെ ഉപകാരപ്രദമാണ് ‘റബ്ബർ അറിവുകൾ ഒരുവഴികാട്ടി’ എന്ന ഗ്രന്ഥസൂചിക.

തയ്യാറാക്കിയത്: അജിത എ.എസ്., സീനിയർ ലൈബ്രേറിയൻ
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം





സുധീർ കുമാർ എ.
ഫാം ഓഫീസർ

# തേൻമൊഴി–2024

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ പ്രധാനപ്പെട്ട ഗവേഷണങ്ങളുടെ ഫീൽഡുതല പരീക്ഷണങ്ങൾ നടക്കുന്നത് പത്തനംതിട്ട ജില്ലയിലെ ചേത്തയ്ക്കൽ സ്ഥിതിചെയ്യുന്ന സെൻട്രൽ എക്സ്പിരിമെന്റ് സ്റ്റേഷനി (സി.ഇ.എസ്.)ലാണ്. 254.7 ഹെക്ടർ വിസ്തൃതിയിൽ ഇടമൺ–അത്തിക്കയം റോഡിന്റെ ഇരുഭാഗങ്ങളിൽ 'എ', 'ബി' എന്നീ രണ്ടു ഡിവിഷനുകളായാണ് സി.ഇ.എസ്. സ്ഥിതി ചെയ്യുന്നത്. 1967–ൽ ആരംഭിച്ച ഈ കേന്ദ്രത്തിലാണ് അത്യുത്പാദനശേഷിയുള്ള റബ്ബറിനങ്ങളായ ആർആർഐഐ 105, ആർആർഐഐ 414, ആർആർഐഐ 417, ആർആർഐഐ 422, ആർആർഐഐ 430 എന്നീ ഇനങ്ങളെല്ലാം പിറവിയെടുത്തത്.

അത്യാധുനിക കൃഷിരീതികൾ, വളപ്രയോഗം, രോഗ–കീട നിവാരണമാർഗ്ഗങ്ങൾ എന്നിവയുടെയെല്ലാം ശുപാർശകൾ ചിട്ടപ്പെടുത്തിയതും റബ്ബറിന് യോജിച്ച ഇടവിളകൾ തെരഞ്ഞെടുത്തതുമെല്ലാം ഇവിടെ നടത്തിയ പരീക്ഷണങ്ങളുടെ ഫലമായാണ്. പ്രധാന കൃഷി റബ്ബർ ആണെങ്കിലും ജാതി, കാപ്പി, പ്ലാവ് തുടങ്ങിയ ഇടവിളകളും പതിമുഖം, ആഞ്ഞിലി, മഹാഗണി എന്നിങ്ങനെയുള്ള വൃക്ഷങ്ങളും പരീക്ഷണാടിസ്ഥാനത്തിൽ റബ്ബർതോട്ടത്തിൽ കൃഷി ചെയ്യുന്നു.

റബ്ബറിന്റെ തളിരിലകളുടെ ഞെട്ടിൽ നിന്ന് തേൻകണങ്ങൾ കിനിയുന്നു. അതിനാൽ റബ്ബർതോട്ടങ്ങൾ തേനീച്ചവളർത്തലിന് ഉചിതമാണ്. സി.ഇ.എസ്.–ൽ മിതമായ രീതിയിൽ തേനീച്ചവളർത്തൽ നടന്നുവരുന്നു. അടുത്തകാലത്ത് റബ്ബർവിലയിലെ അസ്ഥിരത കൃഷിയുമായി ബന്ധപ്പെട്ട വരുമാനമാർഗങ്ങളെക്കുറിച്ച് കൂടുതൽ ചിന്തിക്കാൻ റബ്ബർകർഷകരെ പ്രേരിപ്പിക്കുന്നു.

തേനീച്ചവളർത്തൽ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ 'തേനീച്ചവളർത്തൽ വഴി റബ്ബർ തോട്ടങ്ങളിൽ സുസ്ഥിര വരുമാനം' എന്ന വിഷയത്തെ അധികരിച്ച് റബ്ബർബോർഡ് സെൻട്രൽ എക്സ്പിരിമെന്റ് സ്റ്റേഷനിൽ വച്ച് ഒരു സെമിനാർ നടത്തുകയുണ്ടായി. ചേത്തയ്ക്കൽ സ്റ്റേഷന് പുറമേ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ പുതുപ്പള്ളിയിലുള്ള കാമ്പസിലും പരിമിതമായ രീതിയിൽ തേനീച്ചവളർത്തൽ നടന്നുവരുന്നുണ്ട്.

റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്.–ന്റെ നിർദ്ദേശാനുസരണം ചേത്തയ്ക്കൽ സ്റ്റേഷനിൽ ഉത്പാദിപ്പിക്കപ്പെടുന്ന തേനിന് 'റബ്ണി' ('RubNey') എന്ന പേരു നൽകുന്ന ചടങ്ങ് സെമിനാറിന് മുന്നോടിയായി നടന്നു.

റബ്ബർബോർഡിന്റെ പത്തനംതിട്ട റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ള വിവിധ ഉത്പാദകസംഘങ്ങളിൽ നിന്നായി അമ്പത്തിയഞ്ചോളം കർഷകർ സെമിനാറിൽ പങ്കെടുത്തു. അക്കൂട്ടത്തിൽ നിലവിൽ തേനീച്ചകളെ വളർത്തുന്നവരും ഉള്ളവരും പുതുതായി തുടങ്ങാൻ താൽപര്യപ്പെട്ട് വന്നവരും ഉണ്ടായിരുന്നു. കൂടാതെ, സെൻട്രൽ എക്സ്പെരിമെന്റ് സ്റ്റേഷനിലെ തൊഴിലാളികൾക്കും

തേനീച്ചവളർത്തലിനെക്കുറിച്ച് കൂടുതലറിയാനുള്ള അവസരമായിരുന്നു ഈ സെമിനാർ.

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞരായ ഡോ. മൊഹമ്മദ് സാദിഖ്, ഡോ. ഷാജി ഫിലിപ്പ്, ഡോ. തോംസൺ ഏബ്രഹാം, വീരപുത്രൻ എസ്. എന്നിവരുടെയും പത്തനംതിട്ട റീജിയണൽ ഓഫീസിലെ ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുത്തു.

സ്വാഗതം ആശംസിച്ച സി.ഇ.എസ്.-ലെ ഓഫീസർ-ഇൻ-ചാർജ്ജ് ഡോ. എം. സൂര്യകുമാർ റബ്ബർതോട്ടങ്ങളിൽനിന്ന് സുസ്ഥിരവരുമാനം ഉറപ്പാക്കാൻ തേനീച്ച വളർത്തൽ പോലുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് സൂചിപ്പിച്ചു. തുടർന്ന്, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ഡയറക്ടർ ഇൻ-ചാർജ് ഡോ. എം.ഡി. ജെസ്സി ഭദ്രദീപം തെളിയിച്ച് യോഗവും സെമിനാറും ഔപചാരികമായി ഉദ്ഘാടനം ചെയ്തു. തേനീച്ചകളുടെയും തേനീച്ച വളർത്തലിന്റെയും ചരിത്രത്തെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും സാധ്യതകളെപ്പറ്റിയും വിശദമായിത്തന്നെ

## തേനീച്ചകളുടെ 'എഞ്ചിനീയർ'

കേരള സംസ്ഥാന വൈദ്യുതി ബോർഡിന് കീഴിലുള്ള കാരിക്കയം അയ്യപ്പ ഹൈഡ്രോ ഇലക്ട്രിക് പവർ ഹൗസിലെ ഇലക്ട്രിക്കൽ എഞ്ചിനീയറാണ് അനൂപ് ബേബി സാം. ചിറ്റാറിലെ വീട്ടുവളപ്പിൽ അനൂപിന്റെ പിതാവ് ചെറിയ രീതിയിൽ തേനീച്ചവളർത്തൽ നടത്തിയിരുന്നു. അങ്ങനെ കുട്ടിക്കാലം മുതൽ തേനും തേനീച്ചകളുമായി ഇടപെട്ട് അദ്ദേഹത്തിന് തേനീച്ചകളോട് അടുപ്പം വളർന്നു. എഞ്ചിനീയറിങ് പഠനത്തോടൊപ്പം തേനീച്ചകളെക്കുറിച്ചുള്ള വിപുലമായ അറിവുകളും അദ്ദേഹം സ്വായത്തമാക്കി.

ഔദ്യോഗിക തിരക്കുകൾക്കിടയിലും തേൻകൂടുകൾ തേടിപ്പോകലും തേനീച്ചകളെ പിൻതുടരലുമാണ് അദ്ദേഹത്തിന്റെ 'പാഷൻ'. ചിറ്റാറിലെ 'നിലയ്ക്കൽ ബീ ഗാർഡൻ' എന്നാൽ വാളിപ്ലാക്കൽ എന്ന അദ്ദേഹത്തിന്റെ മധുരം വിളയുന്ന വീടു തന്നെയാണ്!



ഉമ്മറത്ത് പുതിയ തേനീച്ചപ്പെട്ടികൾക്കിടയിൽ പി.വി.സി.-യിൽ നിർമിച്ച പുട്ടുകുറ്റി പോലുള്ള കൂടുകളും കാണാം. ചെറുതേനീച്ചകളെ വളർത്താൻ പ്രത്യേകമായി രൂപകൽപന ചെയ്തിട്ടുള്ള കൂടുകളാണിവ. ഇവിടെ തടികൊണ്ടുള്ള പല വലിപ്പത്തിലുള്ള ചെറുതേനീച്ച-വൻതേനീച്ചക്കൂടുകളും ആവശ്യക്കാർക്ക് നൽകാൻ പാകത്തിൽ തയ്യാറാക്കി വച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ എഞ്ചിനീയറിങ് വൈദഗ്ദ്ധ്യം തേനീച്ചപ്പെട്ടികളിൽ കാണാം.

ഈച്ചയുള്ള നൂറ്റിയമ്പതോളം ചെറുതേനീച്ചക്കൂടുകൾ നാഗ്പൂരിലുള്ള ഒരു ഓറഞ്ച് തോട്ടത്തിൽ കൊണ്ടുപോയി സ്ഥാപിച്ചത് കഴിഞ്ഞ മാസമാണ്. തേനെടുക്കാൻ ഉദ്ദേശമില്ലെങ്കിലും അവിടെ പെട്ടികൾ സ്ഥാപിക്കും. ഓറഞ്ചിന്റെ കായ്പിടിത്തത്തിന് സഹായകമായിട്ടുള്ളത് ചെറുതേനീച്ചകളാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണത്. വിളകളിലെ പരാഗണത്തിനു വേണ്ടി കൃഷിയിടങ്ങളിൽ അദ്ദേഹം തേനീച്ചക്കോളനികൾ സ്ഥാപിച്ചു കൊടുക്കാറുണ്ട്.

കാർപോർച്ചിൽ കൂട്ടിയിട്ടിട്ടുള്ള തേനീച്ചപ്പെട്ടികൾക്കിടയിലൂടെ നടക്കുമ്പോൾ മേശപ്പുറത്ത് നിരത്തിവച്ച അടയുടെ ഒരു കഷ്ണം കയ്യിലെടുത്ത് അനൂപ് പറയും 'ഇതാണ് റാണിമുട്ട'. എന്നിട്ട്, മുറ്റത്ത് വച്ചിട്ടുള്ള കൂടിന്റെ മൂടി മെല്ലെത്തുറന്ന് ആ റാണിമുട്ട മൃദുവായി ഒരു മൂലയിൽ സ്ഥാപിക്കും. അപ്പോൾ വരെ കൂട്ടിനകത്ത് അലസരായി ഇരുന്നിരുന്ന ഈച്ചകളെല്ലാം കൂടി ആ മുട്ടയെ പൊതിയും.

തേനീച്ചപ്പെട്ടികൾ മാത്രമല്ല ഈച്ചക്കോളനികളും റാണിമുട്ടകളും അദ്ദേഹം ആവശ്യക്കാർക്ക് നൽകാറുണ്ട്. സ്വീകരണമുറിയിലെ സോഫായിലിരുന്ന് പല വലിപ്പത്തിലുള്ള കടലാസ് പെട്ടികൾ ടേപ്പ് ചുറ്റി വൃത്തിയായി പായ്ക്ക് ചെയ്യുന്നത് അനൂപിന്റെ പിതാവാണ്. തേൻ, തേൻനെല്ലിക്ക, കാന്താരിത്തേൻ, വെളുത്തുള്ളിത്തേൻ തുടങ്ങിയ ഉത്പന്നങ്ങൾക്ക് രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും നിരവധി ആവശ്യക്കാരുണ്ട്. അവർക്കുള്ള പാർസലുകൾ തയ്യാറാക്കുന്നത് അനൂപിന്റെ പിതാവാണ്.

അറുനൂറിൽപരം വൻതേനീച്ചക്കൂടുകളും മുന്നൂറ്റി ഇരുപതോളം ചെറുതേനീച്ചക്കോളനികളും അനൂപ് പരിപാലിച്ചുവരുന്നുണ്ട്. അതിൽനിന്ന് ലഭിക്കുന്ന ഏഴു ടൺ തേൻ സംസ്കരിച്ചും അനുബന്ധ ഉത്പന്നങ്ങളാക്കിയും വിപണനം ചെയ്യുന്നത് അദ്ദേഹവും പിതാവും ചേർന്നാണ്.

തേനീച്ചവളർത്തലിനും പവർഹൗസിലെ ജോലിക്കുമപ്പുറം അദ്ദേഹം ഒരുപാട് സ്ഥലങ്ങളിൽ ചെന്ന് തേനീച്ചവളർത്തലിനെക്കുറിച്ച് ക്ലാസുകൾ എടുക്കാറുണ്ട്. താൽപര്യമുള്ളവർക്ക് വിദഗ്ധ പ്രായോഗിക പരിശീലനവും നൽകുന്നു. 'നിലയ്ക്കൽ ബീ ഗാർഡൻ ഹണി ബീ ഡിസ്കവറി സെന്റർ' എന്ന സ്വപ്നപദ്ധതി ഒരു വ്യാഴവട്ടം മുൻപ് അനൂപിന്റെ മനസ്സിൽ പിറന്നതാണ്.

ചിറ്റാർ സ്കൂളിന് സമീപം ആ സ്വപ്നം സാക്ഷാത്ക്കരിക്കാൻ ഒരുങ്ങുകയാണ്. തേനീച്ചകളുടെയും തേനിന്റെയും മ്യൂസിയവും ആധുനിക സൗകര്യങ്ങളോടുകൂടിയ പരിശീലനകേന്ദ്രവും തേൻസംസ്കരണ യൂണിറ്റും അടങ്ങുന്നതായിരിക്കും 'ഹണീ ബീ ഡിസ്ക്കവറി സെന്റർ'.

ചിറ്റാറിലും പരിസരപ്രദേശങ്ങളിലും മാത്രമല്ല, കർണ്ണാടകയിലെ പുത്തൂർ പോലുള്ള സ്ഥലങ്ങളിലും റബ്ബർ കൃഷിചെയ്യുന്ന ഒട്ടേറെ കർഷകർക്ക് കൃഷിയിൽനിന്ന് അനുബന്ധവരുമാനം നേടാൻ അനൂപിന്റെ ഹണി എഞ്ചിനീയറിങ്ങിന് കഴിയുന്നുണ്ട്.

തേനീച്ചവളർത്തലുമായി ബന്ധപ്പെട്ട സംശയനിവാരണങ്ങൾക്കും എല്ലാവിധത്തിലുള്ള സഹായങ്ങൾക്കും അദ്ദേഹം സദാ സന്നദ്ധനാണ്.

അനൂപിന്റെ ഫോൺ നമ്പർ-9605527123 •




*ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം ഡയറക്ടർ ഇൻ-ചാർജ് ഡോ. എം.ഡി. ജെസ്സി റബ്ബർബോർഡ് സെക്രട്ടറി ഇൻ-ചാർജ് ഡോ. ബിനോയ് കെ. കുര്യന് 'റബ്ബ്ണി'യുടെ ജാർ കൈമാറുന്നു. അനൂപ് ബേബി സാം, ഡോ. എം. സൂര്യകുമാർ എന്നിവർ സമീപം (ഇടത്തു നിന്ന്)*

ഡയറക്ടർ വിശകലനം ചെയ്തു. തുടർന്ന് ഡോ. ജെസ്സി 'റബ്ബ്ണി' യുടെ ഒരു ജാർ റബ്ബർബോർഡ് സെക്രട്ടറി ഇൻ-ചാർജ് ഡോ. ബിനോയ് കെ. കുര്യന് കൈമാറി. ലോകത്താകമാനമുള്ള തേനിന്റെ വൈവിധ്യങ്ങളെക്കുറിച്ചും മൂല്യത്തെക്കുറിച്ചും ആശംസാപ്രസംഗത്തിൽ റബ്ബർബോർഡ് സെക്രട്ടറി ഡോ. ബിനോയ് കെ. കുര്യൻ വിശദീകരിച്ചു.

ഡോ. ഷാജി ഫിലിപ്പ് ആയിരുന്നു സെമിനാറിന്റെ മോഡറേറ്റർ. തേനീച്ചപരിപാലനത്തിൽ വിദഗ്ദ്ധനായ ചിറ്റാർ സ്വദേശി അനൂപ് ബേബി സാം തേനീച്ച വളർത്തലിന്റെ പ്രായോഗികവശങ്ങൾ വിശദീകരിച്ചു. മനുഷ്യൻ തേൻ കണ്ടെത്തിയതും ഉപയോഗിച്ചു തുടങ്ങിയതും തേനീച്ചകളെ വളർത്താൻ തുടങ്ങിയതുമായ ചരിത്രത്തിൽ തുടങ്ങി വിവിധ തരത്തിലുള്ള ഈച്ചകൾ, അവയുടെ ജീവിതരീതികൾ, തേൻ ശേഖരണമാർഗങ്ങൾ, തേനീച്ചക്കൂടുകൾ, ഈച്ചകളുടെ പരിചരണം, രോഗങ്ങളെ ചെറുക്കാനുള്ള വഴികൾ, തേൻ സംസ്കരണം, തേനി ന്റെയും മെഴുകിന്റെയും വിപണനസാദ്ധ്യതകൾ, മൂല്യവർദ്ധിതോത്പന്നങ്ങൾ, ഭൂമിയിലെ ജീവജാലങ്ങളുടെ നിലനിൽപിന് തേനീച്ചകൾ വഹിക്കുന്ന പങ്ക് എന്നിവയെല്ലാം ദൃശ്യങ്ങളുടെ അകമ്പടിയോടെ അദ്ദേഹം വിശദീകരിച്ചു.




*ഡോ. ഷാജി ഫിലിപ്പ് സെമിനാറിൽ സംസാരിക്കുന്നു*




*തേനീച്ചപരിപാലനത്തിൽ വിദഗ്ദ്ധനായ അനൂപ് ബേബി സാം സെമിനാറിൽ ക്ലാസ്സെടുക്കുന്നു*

അനൂപ് സ്വയം രൂപകൽപന ചെയ്ത തേനീച്ചപ്പെട്ടികൾ സദസ്സിനെ കാണിച്ച് അവയുടെ പ്രത്യേകതകളും കൈകാര്യം ചെയ്യേണ്ട രീതികളുമെല്ലാം ലളിതമായ ഭാഷയിൽ വിശദീകരിച്ചു. പി.വി.സി.-യിലും തേക്കിൻതടിയിലും തീർത്ത ചെറുതേനീച്ചക്കൂടുകൾ കർഷകരെല്ലാം അതീവ താൽപര്യത്തോടെ പരിശോധിക്കുന്നുണ്ടായിരുന്നു.

ഓറഞ്ച് പോലുള്ള ഫലവർഗത്തോട്ടങ്ങളിൽ പരാഗണം യഥാവിധി നടക്കാത്തതുമൂലം ഉണ്ടാകുന്ന ഉത്പാദനക്കുറവ് പരിഹരിക്കാൻ ചെറുതേനീച്ചക്കോളനികൾ സ്ഥാപിക്കുന്നത് വളരെ ഫലപ്രദമാണ് എന്നറിഞ്ഞ് തേനിന് വേണ്ടിയല്ലാതെ ഈച്ചക്കോളനികൾ സ്ഥാപിക്കുന്നതും ഈയിടെ സാധാരണമായിത്തുടങ്ങിയിട്ടുണ്ടെന്ന് അനൂപ് പറഞ്ഞു. തേനിന്റെ വിപണനത്തെപ്പറ്റി ആശങ്കപ്പെട്ട കർഷകരോട്, ശരാശരി ഏഴു ടണ്ണിലധികം തേൻ ഉത്പാദിപ്പിക്കുന്ന അദ്ദേഹം അത് ഫലപ്രദമായി വിപണനം ചെയ്യുന്ന രീതി വിശദീകരിച്ചു.

തേനീച്ചവളർത്തൽ തുടങ്ങാനാഗ്രഹിക്കുന്നവർ മുതൽ ഇപ്പോൾ തേനീച്ചവളർത്തലിലേർപ്പെട്ടിരിക്കുന്നവർ വരെയുള്ള എല്ലാ കർഷകരുടെയും സംശയങ്ങൾക്കും ചോദ്യങ്ങൾക്കും അദ്ദേഹം മറുപടി നൽകി. സെമിനാറിൽ പങ്കെടുത്തവർക്ക് സി.ഇ.എസ്.-ലെ സെക്ഷൻ ഓഫീസർ എസ്.ബി. ശ്രീജമോൾ നന്ദി പറഞ്ഞു. ●



ലാൽസി കുരുവിള പി.

# കാപ്പികൾ പൂക്കുന്ന റബ്ബർതോട്ടങ്ങൾ

റബ്ബർകൃഷിയുമായി ബന്ധപ്പെട്ട ചെലവുകൾ വർധിക്കുന്നതിനനുസരിച്ച് അതിൽനിന്നുള്ള ആദായം വർദ്ധിക്കുന്നില്ല. പലകാരണങ്ങളാലും പരമ്പരാഗതമേഖലകളിൽ റബ്ബർകൃഷി വിസ്തൃതി കുറഞ്ഞുകൊണ്ടാണിരിക്കുന്നത്. അറ്റാദായം കുറയുന്ന സാഹചര്യത്തിൽ റബ്ബറിനോടൊപ്പം ഇടവിളയായി മറ്റു കൃഷികൾ കൂടി ചെയ്താൽ മാത്രമേ കർഷകർക്ക് പിടിച്ചു നിൽക്കാൻ കഴിയൂ. പണ്ടുമുതൽക്കേ പല കർഷകരും റബ്ബർകൃഷിയോടൊപ്പം പ്രത്യേക അടുക്കും ചിട്ടയുമൊന്നുമില്ലാതെ തന്നെ കാപ്പി ഇടവിളയായി കൃഷിചെയ്യാറുണ്ടായിരുന്നു. എന്നാൽ, ഇപ്പോൾ കുറച്ചുകൂടി പ്രാധാന്യത്തോടെ ഇടവിളയായി കാപ്പി കൃഷിചെയ്തിരിക്കുന്ന പല തോട്ടങ്ങളും കാണാൻ കഴിയും. അങ്ങിനെ കണ്ട ചില തോട്ടങ്ങളെക്കുറിച്ച് പറയാം.

കോട്ടയം ജില്ലയിൽ കാനം കർഷകമിത്ര എന്ന റബ്ബറുത്പാദകസംഘത്തിന്റെ പ്രസിഡന്റായ കോയിപ്പുറത്ത് വീട്ടിൽ സെബാസ്റ്റ്യൻ ജോസഫ് 2007-ൽ റബ്ബർ കൃഷിചെയ്ത തന്റെ തോട്ടത്തിൽ ഇടവിളയായി കാപ്പി നട്ടിട്ടുണ്ട്. ഈ തോട്ടത്തിലെ 250 റബ്ബർമരങ്ങൾ ടാപ്പുചെയ്യുന്നുണ്ട്. ആർആർഐഐ 105, ആർആർഐഐ 414, ആർആർഐഐ 430 എന്നീ ഇനങ്ങളാണ് അവിടെ കൃഷിചെയ്തിരിക്കുന്നത്. ടാപ്പിങ് തുടങ്ങി നാലുവർഷത്തിനുശേഷമാണ് അതിൽ ഇടവിളകൾ കൃഷിചെയ്തത്. റബ്ബറിനിടയിൽ ഒരു നിരയിലായി ഒന്നര മീറ്റർ അകലത്തിൽ കാപ്പി നട്ടിരിക്കുന്നു. കൂർഗ് എന്ന സ്ഥലത്തുനിന്ന് കൊണ്ടുവന്ന ചന്ദ്രഗിരി ഇനത്തിൽപ്പെട്ട കാപ്പിക്കുരു കൂടയിൽ നട്ട് വളർത്തിയശേഷമാണ് അദ്ദേഹം കൃഷിചെയ്തത്. അഞ്ചുവർഷം പ്രായമായ കാപ്പിയിൽ നിന്ന് ഇപ്പോൾ നല്ല ആദായം ലഭിക്കുന്നുണ്ട്. മൂന്നാം വർഷം തന്നെ കാപ്പിക്കുരു വിളവെടുക്കാൻ തുടങ്ങി. ഈ വർഷം 150 കിലോഗ്രാം കാപ്പിക്കുരു കിട്ടി എന്നാണ് അദ്ദേഹം പറഞ്ഞത്.

സ്വന്തം തോട്ടത്തിലെ കാപ്പിയിൽ നിന്ന് ലഭിക്കുന്ന ശുദ്ധമായ കാപ്പിപ്പൊടി വീട്ടിലെ ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയുന്നത് സന്തോഷം നൽകുന്നു എന്നാണ് വൈദ്യുതി ബോർഡിൽ നിന്നും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറായി വിരമിച്ച ജോസ് സെബാസ്റ്റ്യൻ പറഞ്ഞത്. എല്ലാവർഷവും കാപ്പിച്ചെടികൾക്ക് ആവശ്യമായ പ്രൂണിങ്



സെബാസ്റ്റ്യൻ ജോസഫ്



ജോർജ് ജോസഫ്

നടത്തുന്നു. റബ്ബർകൃഷി കൂടാതെ ജാതി, ഫലവൃക്ഷങ്ങൾ, വാഴ, കപ്പ, കുരുമുളക്, റമ്പൂട്ടാൻ, ഡ്രാഗൺ ഫ്രൂട്ട് എന്നിവയും അദ്ദേഹം കൃഷിചെയ്യുന്നുണ്ട്. കുളത്തിൽ ധാരാളം മീനുകളെ വളർത്തുന്നതിന് പുറമേ വൃക്ഷങ്ങളുടെയും ചെടികളുടെയും ഒരു നഴ്സറിയും പരിപാലിക്കുന്നു. അദ്ദേഹത്തിന്റെ ഭാര്യ മേഴ്സി ജോസ് എല്ലാ കാര്യങ്ങൾക്കും വേണ്ട സഹായം ചെയ്യുന്നുണ്ട്.

കോട്ടയം ജില്ലയിൽ അകലക്കുന്ന് പഞ്ചായത്തിൽ പാദുവാ റബ്ബറുത്പാദകസംഘത്തിന്റെ പ്രസിഡന്റായ കൂർക്കമറ്റത്തിൽ ജോർജ് ജോസഫ് തന്റെ 2012-ൽ കൃഷിചെയ്ത ആർആർഐഐ 105 ഇനത്തിൽപ്പെട്ട 150 റബ്ബർമരങ്ങൾക്കിടയിൽ ഇടവിളയായി 150 കാപ്പിത്തൈകളാണ് നട്ടത്. റബ്ബർതൈകൾ നട്ട് മൂന്നാം വർഷമായപ്പോഴാണ് ഇടവിളയായി കാപ്പി കൃഷിചെയ്തത്. റോബസ്റ്റ ഇനത്തിൽപ്പെട്ട കാപ്പിയാണ് കൃഷിചെയ്തിരിക്കുന്നത്. കാപ്പി നട്ട് മൂന്നാം വർഷം മുതൽ ആദായം കിട്ടിത്തുടങ്ങി എന്നാണ് അദ്ദേഹം പറഞ്ഞത്. ഒരു വർഷം ഒരു കാപ്പിയിൽനിന്ന് ശരാശരി ഒരു കിലോഗ്രാം ഉണക്ക കാപ്പിക്കുരു ലഭിക്കുന്നുണ്ട്. എല്ലാ വർഷവും രണ്ട് പ്രാവശ്യം കാപ്പിക്ക് പ്രൂണിങ് നടത്തുന്നു. കാപ്പിക്ക് കൂടുതലായും ചാണകമാണ് വളമായി ഇടുന്നത്. റബ്ബറിന് രാസവളവും നൽകുന്നുണ്ട്.

വിരമിച്ച അധ്യാപകനായ ജോർജ് ജോസഫ് കുരുമുളക്, കൊക്കോ, വാഴ, കമുക്, തെങ്ങ്, പച്ചക്കറികൾ എന്നിവയും കൃഷി ചെയ്യുന്നുണ്ട്. താറാവുകൾ, കോഴികൾ, മീനുകൾ എന്നിവയെയും വളർത്തുന്നു. കൂടാതെ എച്ച്.എഫ്. ഇനത്തിൽപ്പെട്ട രണ്ട് പശുക്കളെയും അഞ്ച് ആടുകളെയും അദ്ദേഹം പരിപാലിക്കുന്നു. ജോർജ് ജോസഫിനോടൊപ്പം അദ്ദേഹത്തിന്റെ അച്ഛനും അമ്മയും ഭാര്യയും വേണ്ട സഹായം നൽകി കൂടെയുണ്ട്. റബ്ബർ ടാപ്പുചെയ്യുന്നതും പറമ്പിലെ ആദായം എടുക്കുന്നതും എല്ലാം കഴിവതും സ്വയം തന്നെയാണ് എന്ന് അദ്ദേഹം പറഞ്ഞു. ഒരു വീട്ടിലേക്ക് ആവശ്യമായ മിക്ക സാധനങ്ങളും അദ്ദേഹം സ്വന്തമായി കൃഷിചെയ്ത് ഉത്പാദിപ്പിക്കുന്നു.

കോട്ടയം ജില്ലയിലെ പള്ളിക്കത്തോടിനു സമീപം കയ്യൂരിൽ എന്ന സ്ഥലത്ത് കുത്തതയിൽ മാത്യു ജോസഫും തന്റെ റബ്ബർകൃഷിക്ക് ഇടവിളയായി കാപ്പിയാണ് നട്ടിട്ടുള്ളത്. 2007-ൽ കൃഷിചെയ്ത 200-ഉം 2019-ൽ കൃഷി ചെയ്ത 300-ഉം റബ്ബർമരങ്ങൾക്കിടയിൽ കാപ്പി കൃഷി ചെയ്തിട്ടുണ്ട്. രണ്ട് റബ്ബർ നിരകൾക്കിടയ്ക്ക് ഒരു വരിയായി ഒന്നര മീറ്റർ അകലത്തിലാണ് കാപ്പി കൃഷിചെയ്തിരിക്കുന്നത്. 2007-ൽ കൃഷിചെയ്ത റബ്ബർതോട്ടത്തിൽ ഇവിളയായി കാപ്പി നട്ടത് ടാപ്പിങ് തുടങ്ങി രണ്ടുവർഷത്തിനു ശേഷമാണ്. റോബസ്റ്റ ഇനത്തിൽപ്പെട്ട കാപ്പിയാണ് കൃഷിചെയ്തത്. മൂന്നാം വർഷം മുതൽ ആദായം കിട്ടിത്തുടങ്ങി. ഈ വർഷം 170 കിലോഗ്രാം കാപ്പിക്കുരു ലഭിച്ചു എന്നാണ് അദ്ദേഹം പറഞ്ഞത്. കാപ്പിക്ക് പ്രധാനമായും കോഴിവളമാണ് ഇടുന്നത്. മണ്ണിൽ നല്ല ഈർപ്പമുള്ളപ്പോൾ കുറേശെ വിതറിക്കൊടുക്കും. ആദായമെടുക്കുന്നതടക്കം മിക്ക പണികളും സ്വയം ചെയ്യുകയാണ്

*'വേറിട്ട പാതകൾ' എന്ന ഈ പംക്തിയിൽ വരുന്ന ലേഖനങ്ങളിൽ പറയുന്ന കാര്യങ്ങൾ റബ്ബർ ബോർഡിന്റെ ശുപാർശ പ്രകാരമുള്ളവ ആയിരിക്കണമെന്നില്ല. വ്യത്യസ്തമായ രീതികൾ പരീക്ഷിച്ചു നോക്കിയവരുടെ അനുഭവങ്ങൾ മാത്രമാണ്.*



മാത്യു ജോസഫ്

പതിവ്. എന്നും തോട്ടം സന്ദർശിക്കുകയും ശരിയായ സമയത്ത് ആവശ്യമായ പ്രൂണിങ് നടത്തുകയും ചെയ്യുന്നുണ്ട്. കാലാവസ്ഥയുടെ വ്യതിയാനം കൃഷിയെ ബാധിക്കുന്നുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. റബ്ബർ കൂടാതെ തെങ്ങ്, പച്ചക്കറികൾ, നാരകം എന്നിവയും ഒരു കുറ്റിക്കുരുമുളക് തോട്ടവും അദ്ദേഹം പരിപാലിക്കുന്നുണ്ട്.

റബ്ബർകൃഷിയോടൊപ്പം ഇടവിളകൾ കൂടി കൃഷി ചെയ്ത് ആദായമെടുക്കുന്ന കർഷകർക്ക് റബ്ബർവിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുമ്പോഴും പിടിച്ചുനിൽക്കാൻ സാധിക്കുന്നു. കൃഷിയുമായി ബന്ധപ്പെട്ട ചെറിയ ചെറിയ ജോലികൾ കഴിയുന്നതും സ്വയം ചെയ്യുന്നവർക്ക് കൂലിച്ചെലവിൽ നല്ലൊരു തുക ലാഭിക്കാൻ കഴിയും. അങ്ങനെയുള്ളവർക്ക് കൃഷികൾക്ക് ആവശ്യമായ പരിചരണങ്ങൾ കൃത്യസമയത്തുതന്നെ ചെയ്യാൻ കഴിയും. ഇടവിളകൾ കൃഷി ചെയ്തിട്ടുള്ള തോട്ടങ്ങളിലെ റബ്ബറിൽ നിന്ന് കൂടുതൽ ആദായം ലഭിക്കുന്നുണ്ടെന്നാണ് ഭൂരിപക്ഷം കർഷകരുടെയും അഭിപ്രായം. കാരണം മിക്ക ദിവസങ്ങളിലും തോട്ടത്തിൽ ചെല്ലുകയും ആവശ്യമായ പരിചരണം ഇടവിളകൾക്ക് നൽകുന്നതിനോടൊപ്പം റബ്ബറിനും കൃത്യമായ പരിചരണം ലഭിക്കും. വളം ചെയ്യുന്നത് മണ്ണിൽ ഈർപ്പമുള്ളപ്പോൾ ആയിരിക്കാൻ ശ്രദ്ധിക്കണം. കഴിയുന്നത്ര തവണകളായി വളമിടുന്നതാണ് നല്ലത്. റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൂടി കൃഷി ചെയ്തിട്ടുണ്ടെങ്കിൽ അവയുടെ പരിചരണത്തിന് ഇറങ്ങുന്നത് കർഷകർക്ക് വ്യായാമവും അതുവഴി ആരോഗ്യവും മനസ്സിന് സന്തോഷവും നൽകും.

*(ലേഖിക റബ്ബർബോർഡിലെ മുൻ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസറാണ്)*





സ്ലീബ വി. പോൾ
ഫാം ഓഫീസർ

# വേനൽകാലത്തും ആദായകരമായി ടാപ്പുചെയ്യാം

ഇനിയുള്ള അഞ്ചാറു മാസം വേനൽകാലമാണല്ലോ. വേനൽകാലത്ത് റബ്ബർമരങ്ങൾ ടാപ്പു ചെയ്യാമോ എന്നത് പല കർഷകർക്കും സംശയമാണ്. വേനൽകാലത്ത് ടാപ്പുചെയ്താൽ റബ്ബർ മരങ്ങൾ ഉണങ്ങിപ്പോകുമെന്ന് വിശ്വസിക്കുന്നവരും ഉണ്ട്.

റബ്ബർമരങ്ങൾ ഡിസംബർ-ജനുവരി മാസങ്ങളിൽ സ്വാഭാവികമായി ഇലകൊഴിക്കുന്ന ചെടികളാണ്. ഏതെങ്കിലും രോഗം മൂലമല്ല ഈ സമയത്ത് റബ്ബർമരങ്ങൾ ഇലകൊഴിക്കുന്നത്. എന്നാൽ, ഇലകൊഴിയുന്ന സമയത്ത് റബ്ബറിൽ നിന്നുള്ള ഉത്പാദനം കുറവായിരിക്കും എന്നത് വാസ്തവമാണ്. വേനൽകാലത്ത് ഉത്പാദനം കുറവാണെങ്കിലും ഇടവേള കൂടിയ ടാപ്പിങ്രീതി അനുവർത്തിച്ചാൽ ഈ സമയത്ത് ടാപ്പുചെയ്യുന്നതുകൊണ്ട് മരത്തിന് ഒരു ദോഷവുമില്ല. ഇലകൊഴിയുന്ന കാലത്ത് റബ്ബറിന് വിശ്രമം കൊടുക്കേണ്ട ആവശ്യമില്ല. ഇപ്പോൾ സാധാരണമായി കൃഷി ചെയ്തുവരുന്ന അത്യുത്പാദനശേഷിയുള്ള ഇനങ്ങളെല്ലാം ഇടവേള കൂട്ടിയേ ടാപ്പു ചെയ്യാവൂ. ഇടവേള കൂടുമ്പോൾ ടാപ്പിങ്ദിനങ്ങളുടെ എണ്ണം കുറയും. മൂന്നുദിവസത്തിലൊരിക്കൽ ടാപ്പിങ് നടത്തുമ്പോൾ വർഷത്തിൽ 104 ദിവസങ്ങളും ആഴ്ചയിലൊരിക്കലാണെങ്കിൽ 52 ദിവസങ്ങളും ടാപ്പുചെയ്യാം. ഇങ്ങനെ ചെയ്യുമ്പോൾ ഒരു പാനൽ ഏഴു മുതൽ പത്ത് വരെ വർഷം ടാപ്പുചെയ്യാൻ സാധിക്കുന്നതു കൊണ്ട് റബ്ബർമരങ്ങളിൽ ആദായകരമായി വിളവെടുക്കാവുന്ന സമയം വർദ്ധിപ്പിക്കാൻ കഴിയുന്നു.

തെക്കേ ഇന്ത്യയിൽ ഡിസംബർ മുതൽ ജനുവരി വരെയുള്ള സമയത്താണ് റബ്ബറിന്റെ ഇലകൾ കൊഴിയുന്നത്. അതിനുശേഷം മൂന്നുനാല് ആഴ്ചകൾ കൊണ്ട് പുതിയ ഇലകൾ വന്ന് മൂപ്പെത്തും. ഈ സമയത്ത് റബ്ബർമരങ്ങളിൽ ശേഖരിച്ചിട്ടുള്ള അസംസ്കൃതവസ്തുക്കൾ പുതിയ ഇലകൾ ഉണ്ടാക്കാനും അവയുടെ വളർച്ചയ്ക്കും ഉപയോഗിക്കുന്നതിനാൽ ഈ കാലഘട്ടത്തിൽ പാലുത്പാദനം കുറവായിരിക്കും. ഇലകൾ മൂപ്പെത്തുന്നതോടെ ഈ സ്ഥിതിക്ക് മാറ്റം വരും. അതിനാൽ, ഈ സമയത്ത് ടാപ്പിങ് നിർത്തേണ്ടതില്ല. ഇടയ്ക്ക് ടാപ്പിങ് നിർത്തിയാൽ പിന്നീട് റബ്ബറുത്പാദനം പൂർവസ്ഥിതിയിലാകാൻ കുറച്ചു സമയം എടുക്കും. അതുകൊണ്ട് ഏപ്രിൽ-മെയ് മാസങ്ങളിൽ വേനൽ രൂക്ഷമാകുകയും ഉത്പാദനം ഗണ്യമായി കുറയുകയും ചെയ്താൽ മാത്രം ടാപ്പിങ് നിർത്തി മരങ്ങൾക്ക് വിശ്രമം നൽകിയാൽ മതി.

വേനൽകാലത്ത് ടാപ്പുചെയ്യുമ്പോൾ രാവിലെ നേരത്തെ ടാപ്പിങ് തുടങ്ങി സൂര്യനുദിക്കുന്നതിന് മുൻപായി മരങ്ങൾ ടാപ്പുചെയ്തുതീർത്താൽ പരമാവധി ഉത്പാദനം ലഭിക്കും. സൂര്യനുദിച്ചു കഴിഞ്ഞാൽ അന്തരീക്ഷത്തിലെ ഊഷ്മാവ് വർദ്ധിക്കുകയും പട്ടയിലെ പാൽക്കുഴലുകളിൽ പ്രവാഹസമ്മർദ്ദം കുറയുകയും



*തോട്ടത്തിൽ നീർക്കുഴികൾ എടുക്കുന്നു*

പാലൊഴുക്ക് കുറഞ്ഞ് ഉത്പാദനം കുറയാൻ ഇടയാകുകയും ചെയ്യും.

ഇടവേളകൂട്ടി ടാപ്പുചെയ്യുമ്പോൾ റബ്ബർബോർഡിന്റെ ശുപാർശപ്രകാരമുള്ള അളവിലും ഇടവേളകളിലും മാത്രമേ ഉത്തേജകൗഷധപ്രയോഗം നടത്താവൂ. മൂന്നു ദിവസത്തിലൊരിക്കൽ ടാപ്പുചെയ്യുന്ന മരങ്ങളിൽ മഴ മാറുന്ന ഡിസംബർ മാസത്തിനുശേഷം മെയ്-ജൂണിൽ നല്ല മഴ ലഭിക്കുന്നതുവരെ ഉത്തേജകൗഷധം പ്രയോഗിക്കരുത്. എന്നാൽ, ആർആർഐഐ 105, ആർആർഐഐ 430 എന്നീ ഇനങ്ങളിൽ ആഴ്ചയിലൊരിക്കൽ ടാപ്പിങ് നടത്തുമ്പോൾ വെട്ടുചാലിന് മുകളിലുള്ള വെട്ടിയിറങ്ങിയ പട്ടയിൽ രണ്ടര ശതമാനം വീര്യത്തിലുള്ള എത്തഫോൺ ശുപാർശ പ്രകാരമുള്ള ഇടവേളകളിൽ പുരട്ടുന്നത് തുടരാം. ടാപ്പിങ്ങിന്റെ ഇടവേള കഴിയുന്നതും കൃത്യമായി പാലിക്കുന്നത് സ്ഥിരമായ ഉത്പാദനം ലഭിക്കുന്നതിന് ഉപകരിക്കും. റബ്ബർപാലിലെ ഉണക്കറബ്ബറിന്റെ അംശം (ഡി.ആർ.സി. - ഡ്രൈ റബ്ബർ കണ്ടെന്റ്) 30 ശതമാനത്തിൽ താഴെയാണെങ്കിൽ ഡി.ആർ.സി. മെച്ചപ്പെടുന്നതുവരെ ഉത്തേജകൗഷധപ്രയോഗം പാടില്ല. ഇടവേള കൂടിയ ടാപ്പിങ്‌രീതി നടപ്പാക്കുന്ന തോട്ടങ്ങളിൽ പട്ടമരപ്പ് വളരെ കുറവായിട്ടാണ് കണ്ടിട്ടുള്ളത്.



*'ഫയർ ബെൽറ്റ്' നിർമ്മാണം*

മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെങ്കിൽ വേനൽ കാലത്ത് ആദായത്തിൽ കാര്യമായ കുറവ് വരികയില്ല. അതിനായി വർഷകാലത്തിന് മുമ്പായി തോട്ടങ്ങളിൽ ജലസംരക്ഷണമാർഗങ്ങൾ നടപ്പാക്കേണ്ടതുണ്ട്. അധികം ചെരിവില്ലാത്ത തോട്ടങ്ങളിൽ ശുപാർശ ചെയ്തിട്ടുള്ള വലുപ്പത്തിൽ നിശ്ചിത എണ്ണം നീർക്കുഴികൾ എടുക്കുകയും നിലവിലുള്ള കുഴികളിൽ മണ്ണുനിറഞ്ഞിട്ടുണ്ടെങ്കിൽ അവ കോരി വൃത്തിയാക്കുകയും വേണം. അത് മണ്ണിൽ കൂടുതൽ ജലം ആഴ്ന്നിറങ്ങി മരങ്ങൾക്ക് ലഭ്യമാകുന്നതിനും വേനലിനെ പ്രതിരോധിക്കുന്നതിനും സഹായിക്കും. ആവരണവിളകൾ നട്ടുവളർത്തുന്നത് മണ്ണിന്റെ താപനില കുറയ്ക്കാനും ജലാഗിരണശേഷി കൂട്ടാനും സഹായിക്കും.

ടാപ്പുചെയ്യുന്ന തോട്ടങ്ങളിലെ മരങ്ങൾക്ക് വേനലിൽ നിന്ന് സംരക്ഷണം നൽകാനായി കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ടതില്ല. തെക്കും പടിഞ്ഞാറും അതിരുകളിൽ നിൽക്കുന്ന മരങ്ങളിൽ വെയിലടിക്കുന്നുണ്ടെങ്കിൽ അവയുടെ മാത്രം വെട്ടുപട്ടയിൽ ചുണ്ണാമ്പ് ഉപയോഗിച്ച് വെള്ളപൂശുന്നത് നല്ലതാണ്. റബ്ബർതോട്ടങ്ങളിൽ ഇല കൊഴിയുന്ന സമയത്ത് മാത്രമേ വെട്ടുപട്ടയിൽ വെയിലടിക്കാറുള്ളൂ. ഒരുമാസത്തിനുള്ളിൽ പുതിയ ഇലകൾ വന്നു മൂപ്പെത്തുന്നതോടെ തോട്ടത്തിനുള്ളിൽ തണലാകും. റബ്ബർകോട്ട് പോലുള്ള കറുത്ത വസ്തുക്കൾ കൂടുതൽ ചൂട് ആഗിരണം ചെയ്യുന്നതുകൊണ്ട് ഇല കൊഴിയുന്ന സമയത്ത് അവ വെട്ടുപട്ടയിൽ പുരട്ടരുത്. ചൈനാക്ലേ ആണ് വെള്ളപൂശാൻ ഉപയോഗിക്കുന്നതെങ്കിൽ ആദ്യം മൂന്നുനാല് മരങ്ങളിൽ പുരട്ടിനോക്കി ഗുണമേന്മയുള്ളതാണെന്ന് ഉറപ്പുവരുത്തിയശേഷം വേണം ബാക്കി മരങ്ങളിൽ പുരട്ടാൻ.

വേനൽകാലത്ത് റബ്ബർതോട്ടങ്ങളിൽ തീപിടുത്തം ഉണ്ടാകാനുള്ള സാധ്യതയുള്ളതിനാൽ തോട്ടത്തിന് ചുറ്റും മൂന്നു മുതൽ അഞ്ചു വരെ മീറ്റർ വീതിയിൽ റോഡ് പോലെ (ഫയർ ബെൽറ്റ്) പുല്ലുകൾ ചെത്തിമാറ്റി ഉണങ്ങിയ ഇലകളും ചപ്പുചവറുകളും നീക്കം ചെയ്യണം. ഇടയ്ക്കിടയ്ക്ക് ഈ 'ഫയർ ബെൽറ്റ്' തൂത്തുവാരി ഇട്ടാൽ പുറമേ തീപിടുത്തം ഉണ്ടായാലും തോട്ടത്തിനുള്ളിലേക്ക് തീ പടരാതിരിക്കും. •

# GOLDEN TOUCH®

## FORMIC ACID



**GOLDEN TOUCH®**

RUBBER SHEET FUNGICIDE (PNP)

**GOLDEN TOUCH®**

FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH® - ALUMINIUM DISH**

**GOLDEN TOUCH® - FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**

N.B.: Available at : Rubber Board Companies & Rubber Marketing Societies

*Manufactured & Marketed by*

Since 1991

## Geo Thomas & Co.

IInd Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com

# 300 രൂപ അടച്ചാൽ തോട്ടം തൊഴിലാളിയുടെ കുടുംബത്തിന് പരിരക്ഷ നേടാം

റബ്ബർതോട്ടംമേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കായി റബ്ബർബോർഡ് 'ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനഫിറ്റ്' പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതിയുടെ 2025-26 കാലയളവിൽ നൽകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ താഴെ പ്രതിപാദിക്കുന്നു. 18-നും 59-നും മദ്ധ്യേ പ്രായമുള്ള തൊഴിലാളികൾക്കാണ് പദ്ധതിയിൽ ചേരാൻ അർഹതയുള്ളത്. പദ്ധതിയിൽ അംഗമാകാൻ തൊഴിലാളി വിഹിതമായി കുറഞ്ഞത് 300 രൂപ നൽകണം. 70 വയസ്സ് വരെ പദ്ധതിയിൽ അംഗമായി തുടരാൻ സാധിക്കും.

## ആനുകൂല്യങ്ങൾ

**a. ഇൻഷ്വറൻസ് പരിരക്ഷ (ഇൻഷ്വറൻസ് കമ്പനികളിൽനിന്നും)**

| ക്രമനമ്പർ | | 60 വയസ്സുവരെ | 60 വയസ്സിനുമുകളിൽ |
|---|---|---|---|
| 1 | അപകടം മൂലമോ വന്യജീവി ആക്രമണം മൂലമോ ഉള്ള മരണം | 5,00,000 രൂപ | 4,00,000 രൂപ |
| 2 | അപകടം മൂലം പരിപൂർണ്ണ അംഗവൈകല്യം സംഭവിച്ചാൽ | 2,00,000 രൂപ മുതൽ 4,00,000 വരെ | 2,00,000 രൂപ മുതൽ 4,00,000 വരെ |
| 3 | സ്വാഭാവിക മരണം | 1,00,000 രൂപ | ബാധകമല്ല |

**b. ടെർമിനൽ ആനുകൂല്യം (എൽ.ഐ.സി. -യിൽ നിന്നും)**

പദ്ധതിയിൽ നിക്ഷേപിക്കുന്ന തുകയ്ക്കനുസൃതമായി കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ടെർമിനൽ ആനുകൂല്യം തിരികെ ലഭിക്കും. കൂടുതൽ ആനുകൂല്യം ലഭിക്കുന്നതിനായി മിനിമം തുകയായ 300 രൂപയിൽ കൂടുതൽ തുക പദ്ധതിയിൽ നിക്ഷേപിക്കുന്നത് അഭികാമ്യമായിരിക്കും. ടെർമിനൽ ആനുകൂല്യത്തിന് 60 വയസ്സു മുതൽ അപേക്ഷിക്കാവുന്നതാണ്.

**c. റബ്ബർബോർഡ് വിഹിതം**

പദ്ധതിയിൽ അംഗമാകുന്ന ഓരോ തൊഴിലാളിക്കും റബ്ബർബോർഡ് വിഹിതമായി 900 രൂപ നൽകിവരുന്നു. ഓരോ വർഷവും ഓഹരിത്തുക അടച്ച് പദ്ധതി പുതുക്കേണ്ടതാണ്. അപ്രകാരം പുതുക്കുന്നവർക്കുമാത്രമേ ടി ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

**അർഹരായവർ** - 18 നും 59 നും ഇടയിൽ പ്രായമുള്ള താഴെ പറയുന്നവർ

**1. റബ്ബർടാപ്പർ**

ചെറുകിടത്തോട്ടത്തിൽ കുറഞ്ഞത് 100 മരമെങ്കിലും കഴിഞ്ഞ ഒരു വർഷമായി ടാപ്പുചെയ്തുകൊണ്ടിരിക്കുന്നവർ.

**2. സ്വന്തം തോട്ടത്തിൽ സ്വയം ടാപ്പുചെയ്യുന്ന ചെറുകിടകർഷകൻ**

ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള സ്വന്തം തോട്ടത്തിൽ കുറഞ്ഞത് 100 മരമെങ്കിലും കഴിഞ്ഞ ഒരു വർഷമായി സ്വയം ടാപ്പുചെയ്തുകൊണ്ടിരിക്കുന്നവർ.

**3. സമൂഹസംസ്കരണശാലയിലെ തൊഴിലാളികൾ**

റബ്ബറുത്പാദകസംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന സമൂഹസംസ്കരണശാലകളിൽ കഴിഞ്ഞ ഒരു വർഷമായി ജോലിചെയ്യുന്ന തൊഴിലാളികൾ.

**4. ടാപ്പർബാങ്കിൽ ഉള്ളവർ**

ടാപ്പർ ബാങ്കിൽ ചേർന്നിട്ടുള്ളവരും കഴിഞ്ഞ ഒരു വർഷമായി ടാപ്പിങ്ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരുമായ തൊഴിലാളികൾ.

ഈ പദ്ധതിയിൽ പുതുതായി അംഗമാകുവാൻ 21-02-2025 വരെ അവസരം ഉണ്ടായിരിക്കുന്നതാണ്. വിശദവിവരങ്ങൾ റബ്ബർബോർഡിന്റെ വെബ്സൈറ്റിൽ (www.rubberboard.gov.in) ലഭ്യമാണ്. അടുത്തുള്ള റീജിയണൽ ഓഫീസുമായോ കോട്ടയത്തെ കേന്ദ്ര ഓഫീസിലെ തൊഴിലാളിക്ഷേമവിഭാഗവുമായോ ബന്ധപ്പെട്ടാലും വിവരങ്ങൾ ലഭിക്കും.
ഫോൺ നമ്പർ : 0481-2301231 - (എക്സ്റ്റൻഷൻ - 336)

നിലവിൽ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് ഓഹരിത്തുകയടച്ച് പദ്ധതി പുതുക്കാനുള്ള അപേക്ഷാഫോറം കോട്ടയത്തെ കേന്ദ്രഓഫീസിൽ നിന്നും അയച്ചിട്ടുണ്ട്. അംഗങ്ങൾ എത്രയും വേഗം അടുത്തുള്ള റീജിയണൽ ഓഫീസുകളുമായി ബന്ധപ്പെട്ട് പദ്ധതി പുതുക്കേണ്ടതാണ്.




റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'റബ്ബർവിപണനത്തിനും റബ്ബറുത്പന്നനിർമാണത്തിനും റബ്ബർബോർഡ് നൽകുന്ന വിവിധ തരം ലൈസൻസുകൾ' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ ഡെപ്യൂട്ടി ഡയറക്ടർ (ലൈസൻസിങ്) പി.എ. വർഗീസ്, 'ഫർണിച്ചർ നിർമാണരംഗത്ത് റബ്ബർ തടിയുടെ സാധ്യതകൾ' എന്ന വിഷയത്തിൽ റബ്ബർ ബോർഡിലെ ഡെപ്യൂട്ടി ഡയറക്ടർ ഇൻ-ചാർജ് (റബ്ബർ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ട്രെയിനിങ്) ജി. ഉമാശങ്കർ, 'ചെറുതേനീച്ചകളുടെ പരിപാലനം' എന്ന വിഷയത്തിൽ തേനീച്ചവളർത്തൽ വിദഗ്ദ്ധനായ ആർ. രാമചന്ദ്രൻ എന്നിവർ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

**റബ്ബർവിപണനത്തിനും റബ്ബറുത്പന്നനിർമാണത്തിനും റബ്ബർബോർഡ് നൽകുന്ന വിവിധ തരം ലൈസൻസുകൾ**

1. ***റബ്ബർബോർഡ് നൽകുന്ന വിവിധതരം ലൈസൻസുകൾക്കുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടത് എങ്ങനെയാണ്?***

   റബ്ബർബോർഡ് നൽകുന്ന വിവിധ ലൈസൻസുകൾക്കായി www.rbegp.in എന്ന പോർട്ടൽ വഴി ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷ സമർപ്പിക്കുന്ന രീതി, ലൈസൻസ് ഫീസ് നിരക്കുകൾ, ഫീസ് അടയ്ക്കുന്ന വിധം തുടങ്ങിയ എല്ലാ വിവരങ്ങളും വെബ്സൈറ്റിന്റെ ഹോം പേജിൽ കൊടുത്തിട്ടുള്ള 'ഹെൽപ് ഓപ്ഷനി'ലെ മാർഗരേഖകളിൽ നൽകിയിട്ടുണ്ട്. മതിയായ കമ്പ്യൂട്ടർ പരിജ്ഞാനം ഇല്ലാത്തവർക്ക് റബ്ബർബോർഡിൽ സജ്ജമാക്കിയിട്ടുള്ള 'ഹെൽപ് ഡെസ്കി'ന്റെ സേവനം പ്രയോജനപ്പെടുത്തി പുതുതായി ലൈസൻസ് എടുക്കുകയും നിലവിലുള്ള ലൈസൻസുകൾ പുതുക്കുകയും റിട്ടേണുകൾ സമർപ്പിക്കുകയും ചെയ്യാം.

2. ***റബ്ബർലൈസൻസുകൾ എത്ര വർഷം കൂടുമ്പോഴാണ് പുതുക്കേണ്ടത്?***

   പുതുതായി നൽകുന്ന ലൈസൻസിന്റെ കാലാവധി മൂന്നു വർഷമാണ്. പിന്നീട് ഓരോ അഞ്ചുവർഷത്തെ കാലയളവുകളിലേക്കും ലൈസൻസ് പുതുക്കി നൽകും. ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളെല്ലാം (അപേക്ഷ സമർപ്പിക്കുന്നത് മുതൽ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതുവരെ) ഓൺലൈനിൽ പൂർത്തിയാക്കാവുന്നതാണ്. ലൈസൻസ് ഫീസ് ഡിമാന്റ് ഡ്രാഫ്റ്റ് ആയോ ഓൺലൈൻ മുഖേനയോ അടയ്ക്കാവുന്നതാണ്.




*പി.എ. വർഗീസ് ചോദ്യങ്ങൾക്ക് മറുപടി പറയുന്നു*

3. ***ഞാൻ ഒരു റബ്ബർപാൽ സംസ്കരണശാല തുടങ്ങാൻ ആഗ്രഹിക്കുന്നു. അതിനായി ഏതു ലൈസൻസാണ് എടുക്കേണ്ടത്? അതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്?***

സെൻട്രിഫ്യൂജ്ഡ് ലാറ്റക്സ് ഫാക്ടറി തുടങ്ങാൻ പ്രോസസ്സർ ലൈസൻസാണ് എടുക്കേണ്ടത്. എന്നാൽ, റബ്ബർപാൽ വാങ്ങി ഷീറ്റാക്കി സംസ്കരിച്ച് വിൽക്കുന്ന സംവിധാനം തുടങ്ങാനായി ഡീലർ ലൈസൻസ് മതിയാകും. ഇതിനായി www.rbegp.in എന്ന പോർട്ടലിലൂടെ ഓൺലൈനായി അപേക്ഷിച്ചാൽ മതി.

4. ***ഉത്പന്നനിർമ്മാതാക്കൾ നൽകേണ്ട 'റിട്ടേണു'കൾ ഏതൊക്കെയാണ്? '***

റബ്ബർ മാനുഫാക്ച്ചറർ ലൈസൻസ്' എടുത്തിട്ടുള്ളവർ 'K', 'L' എന്നീ രണ്ടു ഫോമുകളിലായി പ്രതിമാസറിട്ടേണുകൾ ഓൺലൈനായി സമർപ്പിക്കാൻ നിയമപരമായി ബാധ്യസ്ഥരാണ്.
ലൈസൻസ് റദ്ദ് ചെയ്യാനായി അപേക്ഷ സമർപ്പിച്ചവർ അത് റദ്ദ് (cancel) ചെയ്ത് കിട്ടുന്നതുവരെ റിട്ടേണുകൾ ഫയൽ ചെയ്തിരിക്കണം. അല്ലാത്തപക്ഷം പിഴ ഒടുക്കേണ്ടതാണ്.

5. ***ലൈസൻസ് എടുത്തയാളുടെ മരണത്തെ തുടർന്നോ അല്ലെങ്കിൽ മറ്റേതെങ്കിലും സാഹചര്യത്തിലോ നിലവിലുള്ള ലൈസൻസ് കുടുംബാംഗങ്ങൾക്കോ ബന്ധുക്കൾക്കോ കൈമാറാൻ സാധിക്കുമോ?***

ഇന്ത്യൻ റബ്ബർ ആക്ട് പ്രകാരം ലൈസൻസുകൾ കൈമാറ്റം ചെയ്യാൻ അനുവദിക്കാത്തതിനാൽ മറ്റുള്ളവർക്ക് ലൈസൻസുകൾ കൈമാറി നൽകാൻ സാധിക്കുന്നതല്ല. അവർ പുതിയ ലൈസൻസ് എടുക്കേണ്ടി വരും.

6. ***കേരളത്തിലുള്ള ഒരു ലൈസൻസിക്ക് മറ്റേതെങ്കിലും സംസ്ഥാനങ്ങളിൽ റബ്ബർ ക്രയവിക്രയത്തിനായി വേറെ ലൈസൻസ് എടുക്കേണ്ടിവരുമോ?***

ലൈസൻസുകൾ അഖിലേന്ത്യാതലത്തിലുള്ളതാണ്. റബ്ബർ ഡീലർ തന്റെ അംഗീകൃത സംഭരണസ്ഥലത്ത് വാങ്ങുന്ന റബ്ബർ ഇന്ത്യയിലെവിടേയും ലൈസൻസുള്ള ആർക്കും വിൽക്കാം. എന്നാൽ, അംഗീകൃത സംഭരണസ്ഥലത്തല്ലാതെ മറ്റൊരു പ്രദേശത്തോ സംസ്ഥാനത്തോ റബ്ബർ സംഭരിച്ച് വിൽപന നടത്തണമെങ്കിൽ അതിനായി നിലവിലുള്ള ലൈസൻസിൽ തന്നെ ബ്രാഞ്ച് ലൈസൻസ് കൂടി എടുത്തിരിക്കണം.

7. ***ഡീലർ ലൈസൻസ് ഉള്ള റബ്ബർവ്യാപാരിക്ക് അമോണിയ ചേർത്ത് സംഭരിച്ച റബ്ബർപാൽ വാങ്ങുന്നതിന് പ്രത്യേക ലൈസൻസ് എടുക്കണോ?***

അമോണിയ ചേർത്ത് സംഭരിച്ച റബ്ബർപാൽ വാങ്ങുന്ന തിനായി 'പെർമിഷൻ ഫോർ കളക്ഷൻ ഓഫ് അമോണിയേറ്റഡ് ലാറ്റക്സ്' (permission for collection of ammoniated latex) പ്രത്യേകമായി എടുക്കേണ്ടതുണ്ട്.

8. ***റിട്ടേണുകൾ സമർപ്പിച്ചതിൽ പിഴവ് വന്നാൽ എന്ത് ചെയ്യണം?***

സമർപ്പിച്ച റിട്ടേണിൽ വന്നിട്ടുള്ള പിഴവ് എന്താണെന്നും ഏത് മാസത്തെ റിട്ടേണിലാണ് പിഴവ് സംഭവിച്ചതെന്നും വിശദമായി കാണിച്ച് stat@rubberboard.org.in എന്ന വിലാസത്തിൽ ഇമെയിൽ അയച്ചാൽ പിഴവുകൾ ശരിയാക്കപ്പെടും.

## ഫർണിച്ചർ നിർമ്മാണരംഗത്ത് റബ്ബർതടിയുടെ സാധ്യതകൾ

1. ***റബ്ബർതടിയുടെ വ്യാവസായിക ഉപയോഗങ്ങൾ എന്തെല്ലാമാണ് ?***

ഫർണിച്ചർ, പായ്ക്കിങ് കേസുകൾ, പ്ലൈവുഡ് തുടങ്ങിയവയുടെ നിർമ്മാണത്തിനാണ് കൂടുതലായി റബ്ബർതടി ഉപയോഗിക്കുന്നത്. ലഭ്യമായ റബ്ബർതടിയുടെ ഏകദേശം 40 ശതമാനത്തോളം പ്ലൈവുഡ് നിർമ്മാണത്തിനാണ് ഉപയോഗിക്കുന്നത്. അത്രതന്നെ ശതമാനം പായ്ക്കിങ് കേസ് നിർമ്മാണത്തിനും ഉപയോഗിക്കുന്നു. ഫർണിച്ചർ നിർമ്മാണത്തിനായി ഉപയോഗിക്കുന്ന റബ്ബർതടിയുടെ അളവ് ഏകദേശം പത്ത് ശതമാനത്തോളം വരും. ചെറുകിടസംരംഭമായ തീപ്പെട്ടിക്കോൽ നിർമ്മാണ വ്യവസായത്തിലും റബ്ബർതടി ഉപയോഗിച്ച് വരുന്നു.

2. ***സംസ്കരിച്ച റബ്ബർതടി ഉപയോഗിച്ച് നിർമ്മിക്കാവുന്ന ഉത്പന്നങ്ങൾ ഏതെല്ലാമാണ്?***

തേക്ക്, ആഞ്ഞിലി, പ്ലാവ് മുതലായ തടികൾ ഉപയോഗിച്ച് നിർമ്മിക്കുന്ന എല്ലാ ഉത്പന്നങ്ങളും സംസ്കരിച്ച



*ജി. ഉമാശങ്കർ ചോദ്യങ്ങൾക്ക് മറുപടി പറയുന്നു*

റബ്ബർതടി ഉപയോഗിച്ചും നിർമിക്കാം. സംസ്കരിച്ച റബ്ബർതടിയിൽ തടിതുരപ്പൻ വണ്ടുകളുടെ ഉപദ്രവം ഉണ്ടാകില്ല. മറ്റ് തടികൾ ഉപയോഗിക്കുമ്പോൾ ചെയ്യുന്നതുപോലെ ചിതൽ ശല്യമുള്ള സ്ഥലങ്ങളിൽ തറയും ചുമരും 'കെമിക്കൽ ട്രീറ്റ്മെന്റ്' നടത്തി ചിതൽ വിമുക്തമാക്കാൻ ശ്രദ്ധിക്കണം. സംസ്കരിച്ച് കിട്ടുന്ന ചെറിയ കഷണങ്ങളെ 'ഫിംഗർ ജോയിന്റിങ്' ടെക്നോളജിയിലൂടെ കൂട്ടിച്ചേർത്ത് നീളമുള്ള കഷണങ്ങളാക്കി മാറ്റുകയും അവയെ പിന്നീട് കൂട്ടി ഒട്ടിച്ച് വീതിയും നീളവും ഉള്ള പലകകൾ ആക്കി മാറ്റുകയും ചെയ്യുന്നു. 'ഇന്റീരിയർ ഡിസൈൻ' രംഗത്ത് ഇന്ന് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് ഇങ്ങനെ നിർമിച്ചെടുക്കുന്ന റബ്ബർതടി പലകകളാണ്.

3. ***സംസ്കരിച്ച റബ്ബർതടി ഉപയോഗിച്ച് ഫർണിച്ചർ നിർമിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?***

സംസ്കരിച്ച റബ്ബർതടികൾ നല്ല ബലവും ഉറപ്പും ഉള്ളവയും ഇടുനിൽക്കുന്നവയും ആണ്. റബ്ബർതടി ഏത് രീതിയിൽ സംസ്കരിച്ചെടുത്തു എന്നതിനനുസരിച്ച് വേണം അത് എവിടെ ഉപയോഗിക്കണം എന്നതിനെക്കുറിച്ച് തീരുമാനമെടുക്കാൻ. സംസ്കരണത്തിന്റെ രീതി അനുസരിച്ച് ആ തടി ഉപയോഗിക്കുന്ന ക്രമത്തിലും വ്യത്യസ്തതയുണ്ട്. ബോറിക് ആസിഡ്-ബോറാക്സ് ട്രീറ്റ്മെന്റിലൂടെ സംസ്കരിച്ചെടുക്കുന്ന തടി ഇന്റീരിയർ പണികൾക്ക് മാത്രമാണ് ഉപയോഗിക്കുന്നത്. നനവ് തട്ടുന്ന ഇടങ്ങളിൽ ഉപയോഗിക്കുന്ന ഫർണിച്ചറുകൾക്ക് 'കോപ്പർ ക്രോം ബോറിക് ട്രീറ്റ്മെന്റ്' നടത്തിയ തടികളാണ് ആവശ്യമായിട്ടുള്ളത്.

4. ***റബ്ബർതടി സംസ്കരണവുമായി ബന്ധപ്പെട്ടുള്ള സാങ്കേതികസഹായങ്ങൾ എവിടെനിന്നെല്ലാം ലഭിക്കും?***

റബ്ബർതടി സംസ്കരണവുമായി ബന്ധപ്പെട്ട സാങ്കേതികസഹായങ്ങൾ റബ്ബർബോർഡിന്റെ എഞ്ചിനീയറിങ് ആന്റ് പ്രോസസ്സിങ് ഡിവിഷനിൽ നിന്നും ലഭ്യമാണ്. തടിയുത്പന്നനിർമാണവും തടി ടെസ്റ്റിങ് സംബന്ധിച്ചുള്ളതുമായ സാങ്കേതിക സഹായങ്ങൾ സെൻട്രൽ വുഡ്ടെസ്റ്റിങ് ലാബിൽ നിന്ന് ലഭ്യമാണ്.

## ചെറുതേനീച്ചകളുടെ പരിപാലനം

1. ***ചെറുതേനീച്ചക്കോളനിയിൽ നിന്നും തേനെടുക്കാൻ പറ്റിയ സമയം ഏതാണ്?***

മാർച്ചുമാസം പകുതിയോടെ തേനെടുത്ത് തുടങ്ങുകയും ഏപ്രിൽ മാസം പകുതിക്ക് മുമ്പായി തേനെടുപ്പ് പൂർത്തിയാക്കുകയും വേണം. ക്ഷാമകാലത്തിന് മുമ്പായി തേനീച്ചകൾക്ക് തേനും പൂമ്പൊടിയും ശേഖരിച്ചുവെക്കുന്നതിന് ആവശ്യമായ സമയം ലഭിക്കുന്നതിന് വേണ്ടിയാണിത്.

2. ***പൂമ്പൊടി ശേഖരണത്തിനായി ചെറുതേനീച്ചകൾ എത്ര ദൂരം വരെ സഞ്ചരിക്കും?***

ചെറുതേനീച്ചകൾ കോളനിയിൽ നിന്നും ഏകദേശം ഒരു കിലോമീറ്റർ ചുറ്റളവിൽ നിന്ന് പൂമ്പൊടി ശേഖരിക്കും.

3. ***ചെറുതേനീച്ചക്കോളനിയിൽ അംഗബലം കുറയുന്നതിനുള്ള കാരണമെന്താണ്?***

കാലാവസ്ഥാവ്യതിയാനം; ക്ഷുദ്രജീവികളായ പല്ലി, ചിലന്തി, ഉറുമ്പ് മുതലായവയുടെ ആക്രമണം; അമിതമായ കീടനാശിനി പ്രയോഗം മുതലായവ തേനീച്ചക്കോളനിയിലെ അംഗബലത്തെ ബാധിക്കുന്നു.

4. ***ചെറുതേനീച്ചകളിൽ കോളനിവിഭജനത്തിന് പറ്റിയ സമയം ഏതാണ്?***

സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളാണ് കോളനിവിഭജനത്തിന് ഏറ്റവും ഉത്തമമായ സമയം. ഈ സമയത്താണ് ചെറുതേനീച്ചകൾ കൂടുതലായി റാണിസെല്ലുകൾ ഉത്പാദിപ്പിച്ച് കോളനിവിഭജനത്തിന് (Swaming) തയ്യാറാകുന്നത്.

5. ***റാണിസെൽ നോക്കി വേണം ചെറുതേനീച്ചക്കോളനി പിരിക്കാൻ എന്ന് പറയാൻ കാരണമെന്താണ്?***

ചെറുതേനീച്ചക്കോളനിയിൽ ആഹാരം നിറച്ച അറയിലേക്കാണ് റാണിയീച്ച മുട്ട നിക്ഷേപിക്കുന്നത്. മുട്ട നിക്ഷേപിച്ച ഉടനെ തന്നെ വേലക്കാരി ഈച്ചകൾ അറകൾ അടയ്ക്കുന്നു. റാണിയീച്ചകളെ ഉത്പാദിപ്പിക്കാനായി പ്രത്യേകം നിർമിച്ച അറകളിൽ ആഹാരം



ആർ. രാമചന്ദ്രൻ ചോദ്യങ്ങൾക്ക് മറുപടി പറയുന്നു

നിറച്ചശേഷം മുട്ട നിക്ഷേപിക്കുകയും അവ പിന്നീട് റാണിസെല്ലായി മാറുകയും ചെയ്യുന്നു. എന്നാൽ, വൻതേനീച്ചക്കോളനിയിൽ മുട്ടകൾ നിക്ഷേപിച്ച ഉടനെ അറകൾ അടയ്ക്കുന്നില്ല. മുട്ട വിരിഞ്ഞ് ഇറങ്ങുന്ന പുഴുവിന് അധികാഹാരം (റോയൽ ജെല്ലി) കൊടുത്ത് റാണി ഈച്ചയാക്കി വളർത്താൻ സാധിക്കും. ചെറുതേനീച്ചക്കോളനിയിൽ മുട്ടയിട്ട ഉടനെ അറകൾ അടയ്ക്കുന്നതിനാൽ ഇത് സാധ്യമല്ല. അതിനാലാണ് ചെറുതേനീച്ചക്കോളനികളിൽ റാണിസെൽ നോക്കി കോളനി പിരിക്കുകയാണെങ്കിൽ വിജയസാധ്യത കൂടുതലാണെന്ന് പറയാൻ കാരണം.

***6. ചെറുതേനീച്ചക്കോളനിയിലെ റാണിയീച്ചയ്ക്ക് പറക്കാൻ കഴിയുമോ? റാണിയീച്ച കോളനി ഉപേക്ഷിച്ച് പോകാൻ സാധ്യതയുണ്ടോ?***

ചെറുതേനീച്ചയുടെ റാണിക്ക് ഗൈനി (ഇണചേരാത്ത റാണി) അവസ്ഥയിൽ മാത്രമേ പറക്കാൻ കഴിയുകയുള്ളൂ. ഇണചേർന്ന് മുട്ടയുത്പാദനം ആരംഭിച്ച റാണിക്ക് പറക്കാനുള്ള ശേഷി നഷ്ടപ്പെടുന്നതിനാൽ കോളനി ഉപേക്ഷിച്ച് പോകുന്നതിനുള്ള സാധ്യത വിരളമാണ്.

*തയ്യാറാക്കിയത്*

**സ്ലീബ വി. പോൾ**

ഫാം ഓഫീസർ

## റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി



**1. റബ്ബറധിഷ്ഠിത സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള സഹായപദ്ധതികൾ**

റബ്ബറധിഷ്ഠിത സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള സഹായപദ്ധതികൾ സംബന്ധിച്ച ചോദ്യങ്ങൾക്ക് 2025 ജനുവരി 22 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ കോട്ടയം ജില്ലാവ്യവസായകേന്ദ്രത്തിലെ അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ഓഫീസർ എസ്.ടി. ശരത് ലാൽ മറുപടി പറയും.

**2. റബ്ബർബോർഡിന്റെ തൊഴിലാളിക്ഷേമപദ്ധതികൾ**

റബ്ബർബോർഡിന്റെ തൊഴിലാളിക്ഷേമപദ്ധതികളെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് 2025 ജനുവരി 24 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ റബ്ബർബോർഡിലെ തൊഴിലാളിക്ഷേമവിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ബിനു മാത്യു കെ. മറുപടി പറയും.

**3. തേനീച്ചവളർത്തലും തേൻവിളവെടുപ്പും**

തേനീച്ചവളർത്തലും തേൻവിളവെടുപ്പും എന്ന വിഷയം സംബന്ധിച്ച ചോദ്യങ്ങൾക്ക് 2025 ജനുവരി 30 വ്യാഴാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ തേനീച്ചവളർത്തൽ വിദഗ്ധനായ ബിജു ജോസഫ് ഫോണിലൂടെ മറുപടി പറയും.

***കോൾസെന്റർ ഫോൺ നമ്പർ 0481 2576622***

## 'റബ്ബർ ഗ്രോവേഴ്സ് ഗൈഡ്' വിൽപനയ്ക്ക്



റബ്ബർകൃഷിപരിപാലനം, നടീലിനങ്ങൾ, വിവിധ റബ്ബറിനങ്ങളുടെ പ്രത്യേകതകൾ, വിളവെടുപ്പ്, സംസ്കരണം, വിപണനം തുടങ്ങി റബ്ബറിന്റെ എല്ലാ മേഖലകളെയും കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന ഒരു പുസ്തകമാണ് 'റബ്ബർ ഗ്രോവേഴ്സ് ഗൈഡ് - 2023'.

ഇംഗ്ലീഷിൽ തയ്യാറാക്കിയിരിക്കുന്ന ഈ പുസ്തകം ഇപ്പോൾ വിൽപനയ്ക്ക് ലഭ്യമാണ്. ഒരു കോപ്പിയുടെ വില 200 രൂപ. ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 0481 2301231 (എക്സ്റ്റൻഷൻ നമ്പർ 346).



രണ്ടാംവർഷം മുതൽ തൈകളുടെ ഇലപ്പടർപ്പ് വളർന്നു മൂടുന്നതുവരെയുള്ള കാലഘട്ടത്തിൽ തൈകളുടെ ചുവട് മുതൽ കവര വരെ തവിട്ടുനിറമുള്ള ഭാഗത്ത് വെള്ളപൂശണം. വെള്ളനിറമുള്ള പ്രതലങ്ങൾ ചൂട് അധികം ആഗിരണം ചെയ്യുന്നില്ല എന്ന തത്വമാണ് ഇതിന് ആധാരം



# ഫെബ്രുവരി മാസത്തെ കൃഷിപ്പണികൾ

വേനൽകാലത്ത് നഴ്സറിയിലെ തൈകൾ ഇടയ്ക്കിടെ നനച്ചുകൊടുക്കണം. രാവിലെയും വൈകുന്നേരവും മാത്രമേ തൈകൾ നനയ്ക്കാവൂ. നഴ്സറികൾ വിസ്തൃതി കൂടിയതാണെങ്കിൽ ജലത്തിന്റെ ലഭ്യതയനുസരിച്ച് അത് പല ഭാഗങ്ങളായി തിരിച്ച് നനയ്ക്കുന്നതാണ് സൗകര്യപ്രദം. കപ്പുതൈകളുടെയും കൂടത്തൈകളുടെയും നഴ്സറികളിൽ ജലസേചനം അനിവാര്യമാണ്. വൈകുന്നേരമാണ് നനയ്ക്കാൻ പറ്റിയ സമയം.

## പുതയിടൽ

കൃഷിയിടങ്ങളിലെ ചെറുതൈകൾ വേനൽകാലത്ത് ചൂടേറ്റ് ഉണങ്ങിപ്പോകാതിരിക്കാൻ കൂടകൾ വച്ചുമറച്ചും ഉണങ്ങിയ ചവറുപയോഗിച്ച് പുതയിട്ടും അവയ്ക്ക് സംരക്ഷണം നൽകാം. ഈറയോ മെടഞ്ഞ ഓലയോ ഉപയോഗിച്ചുണ്ടാക്കിയ, ഏകദേശം 45-60 സെ.മീറ്റർ ഉയരവും 30-45 സെ.മീറ്റർ വ്യാസവുമുള്ള കൂടകളാണ് ഇതിന് ഉപയോഗിക്കുന്നത്. പുതയിടുന്നതിന് ഉണങ്ങിയ ചവറ്, പുല്ല്, തോട്ടപ്പയർ എന്നിവ ഉപയോഗിക്കാം. കൂടത്തൈകൾ ഉപയോഗിച്ച് കൃഷിചെയ്യുന്ന സ്ഥലങ്ങളിൽ സാധാരണഗതിയിൽ ഉണങ്ങിയ ചവർ ഉപയോഗിച്ച് പുതയിട്ടാൽ മാത്രം മതിയാകും. പുതയിടൽകൊണ്ട് മണ്ണിലെ ഈർപം നിലനിർത്താനും ജൈവാംശം വർദ്ധിപ്പിക്കാനും കളകളുടെ വളർച്ച തടയാനും കഴിയും.

തുറസ്സായ സ്ഥലത്തുവെച്ചിരിക്കുന്ന തൈകൾ ശക്തിയായ വെയിലേറ്റ് വാടിയുണങ്ങാതിരിക്കാൻ അവയ്ക്ക് തണൽ കൊടുക്കണം. ആവശ്യത്തിന് സൂര്യപ്രകാശം ലഭിക്കത്തക്കവിധം മെടയാത്ത ഓലകൾ ഉപയോഗിച്ച് വശങ്ങളിലും മുകളിലും ഭാഗികമായി മറയ്ക്കുന്നതാണ് ശരിയായ രീതി.

## വെള്ളപൂശൽ

രണ്ടാംവർഷം മുതൽ തൈകളുടെ ഇലപ്പടർപ്പ് വളർന്നു മൂടുന്നതുവരെയുള്ള കാലഘട്ടത്തിൽ തൈകളുടെ ചുവട് മുതൽ കവര വരെ തവിട്ടുനിറമുള്ള ഭാഗത്ത് വെള്ളപൂശണം. വെള്ളനിറമുള്ള പ്രതലങ്ങൾ ചൂട് അധികം ആഗിരണം ചെയ്യുന്നില്ല എന്ന തത്വമാണ് ഇതിന് ആധാരം. വെള്ളപൂശുന്നതിനായി തയ്യാറാക്കുന്ന ചുണ്ണാമ്പുലായനിയിൽ തുരിശ് ചേർക്കേണ്ട ആവശ്യമില്ല. ചൈനാക്ലേ, മണ്ണ് എന്നിവ തൈകളിൽ പൂശുന്നത് വേണ്ടത്ര പ്രയോജനം ചെയ്യുകയില്ല.

## ഫയർബെൽറ്റ്

വേനൽകാലാരംഭത്തോടെ റബ്ബർതോട്ടങ്ങളിൽ തീ പിടിത്തത്തിനെതിരെ മുൻകരുതലുകൾ സ്വീകരിക്കണം. തോട്ടത്തിനുചുറ്റും 'ഫയർബെൽറ്റ്' നിർമിക്കുകയാണ് ഇതിനുള്ള ഒരു ഉപാധി. തോട്ടത്തിനുചുറ്റും മൂന്ന് മുതൽ അഞ്ച് വരെ മീറ്റർ വീതിയിൽ കുറ്റിച്ചെടികളും ചപ്പുചവറുകളും നീക്കം ചെയ്ത് വൃത്തിയാക്കിയിടണം. തോട്ടത്തിനു പുറത്ത് തീ പടർന്നാലും അത് തോട്ടത്തിനകത്തേക്ക്





എളുപ്പം വ്യാപിക്കാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. അഗ്നിബാധയ്ക്കെതിരായി എല്ലാ തരത്തിലുമുള്ള മുൻകരുതലുകളും ഏർപ്പെടുത്തണം. തീപിടിത്തം, കൊടുങ്കാറ്റ് എന്നീ അത്യാഹിതങ്ങൾക്കെതിരെ റബ്ബർതോട്ടങ്ങൾ ഇൻഷ്വർ ചെയ്യുന്നതും നല്ലതാണ്.

### ഇതര സംരക്ഷണനടപടികൾ

റബ്ബർതോട്ടങ്ങളിൽ കന്നുകാലികളെ മേയാൻ അനുവദിക്കരുത്. ചുറ്റും വേലികെട്ടിയോ കയ്യാലകൾ നിർമിച്ചോ കന്നുകാലികളിൽനിന്ന് തോട്ടത്തെ സംരക്ഷിക്കാം. റബ്ബർതൈകളും ആവരണവിളകളും തിന്നു നശിപ്പിക്കുന്നതിനുപുറമേ അവ ഭൂമിയുടെ ഉപരിതലത്തോടുചേർന്നുള്ള വേരുപടലം ചവിട്ടിനശിപ്പിക്കാനും ഇടയുണ്ട്. റബ്ബർകൃഷിയിൽ, തൈകൾ നട്ട് ആദ്യത്തെ രണ്ടുമൂന്നു വർഷത്തെ പരിചരണം കൂടുതൽ നിർണായകമാണ്. റബ്ബർതൈകളുടെ ആദ്യകാലവളർച്ച മുരടിക്കുകയോ സുഗമമല്ലാതാകുകയോ ചെയ്യുന്നപക്ഷം അതിന്റെ ഭവിഷ്യത്ത് പിന്നീടുള്ള അവയുടെ നിലനിൽപിനെ ബാധിക്കും. തുടർന്നുനൽകുന്ന പരിചരണം എത്ര മെച്ചപ്പെട്ടതായാലും ആദ്യകാലവളർച്ചയിൽ സംഭവിക്കുന്ന ആഘാതത്തിൽ നിന്ന് തൈകളെ പിന്നീട് മോചിപ്പിക്കുക എളുപ്പമല്ല.

### ഇലരോഗങ്ങളുടെ നിവാരണം

പുള്ളിക്കുത്ത്, പക്ഷിക്കണ്ണ് എന്നീ രോഗങ്ങൾ വേനൽക്കാലത്ത് നഴ്സറിയിലെ തൈകളെയും പ്രായം കുറഞ്ഞ ചെടികളെയും ബാധിക്കുന്നു. ഇലകളെയാണ് ഈ രോഗങ്ങൾ ബാധിക്കുക. കുമിൾമൂലമുണ്ടാകുന്ന രോഗമായതിനാൽ രോഗനിവാരണത്തിനായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രം തളിക്കണം.

### പൊടിക്കുമിൾ രോഗബാധ

തോട്ടങ്ങളിൽ തളിർപ്പുകാലം നീണ്ടുനിൽക്കുകയാണെങ്കിൽ മരങ്ങളുടെ തളിരിലകളിലും കൂടയിൽ വളരുന്ന ചെറുതൈകളിലും പൊടിക്കുമിൾരോഗബാധ ആവർത്തിച്ചുണ്ടാകാം. തോട്ടങ്ങളിൽ തളിർപ്പുകാലം മുഴുവൻ ഹെക്ടറൊന്നിന് 11 മുതൽ 14 വരെ കിലോഗ്രാം എന്ന തോതിൽ പൊടിരൂപത്തിലുള്ള (325 മെഷ് വലിപ്പത്തിലുള്ളത്) ഗന്ധകപ്പൊടി അടിക്കണം. 7 മുതൽ 14 വരെ ദിവസം ഇടവിട്ട് 3 മുതൽ 6 വരെ തവണ ഇത് ചെയ്യേണ്ടി വരും. 70 ശതമാനം ഗന്ധകവും 30 ശതമാനം ടാൽക്കും ചേർന്ന മിശ്രിതമാണ് ഇതിനായി ഉപയോഗിക്കേണ്ടത്. ഡസ്റ്റിങ് മെഷീൻ ഉപയോഗിച്ചുവേണം വലിയ മരങ്ങൾക്ക് ഗന്ധകപ്പൊടിയടിക്കാൻ.

ചെറുതൈകൾക്കും നഴ്സറിയിലെ തൈകൾക്കും ഗന്ധകപ്പൊടിക്കുപകരം വെള്ളത്തിൽ കലർത്താവുന്ന ഗന്ധകം ഉപയോഗിക്കുന്നതാകും സൗകര്യപ്രദം. രണ്ടര ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി 7 മുതൽ 10 വരെ ദിവസങ്ങളിൽ ഒരു തവണ വീതം സ്പ്രേയറുകൾ ഉപയോഗിച്ച് തളിക്കണം. ഇതിനുപകരം കാർബെൻഡാസിമും വെറ്റബിൾ സൾഫറും ഒന്നിടവിട്ട തവണകളിൽ 7 മുതൽ 14 വരെ ദിവസം ഇടവിട്ട് തളിക്കുന്നതും ഫലപ്രദമാണ്.

### സൂര്യാഘാതം

ചെറുതൈകൾ വെയിലുകൊണ്ട് ഉണങ്ങാറുണ്ട്. തൈകളുടെ ചുവടുഭാഗത്തിന് ചുറ്റുമുള്ള മണ്ണ് ചൂടാകുന്നതാണിതിനുകാരണം. ഉണക്കു ബാധിച്ച് വാടിയ തൈകൾ ഉണങ്ങിപ്പോകുകയോ കാറ്റത്ത് മറിഞ്ഞുപോകുകയോ ചെയ്യും. ഉണക്കുബാധ ശക്തമല്ലെങ്കിൽ ചെടികളുടെ കേടുവന്ന ഭാഗം ചുരണ്ടി മാറ്റി 0.75 ശതമാനം വീര്യമുള്ള മാങ്കോസെബ് ലായനി ഉപയോഗിച്ചു കഴുകിയശേഷം പട്ട വളർന്നു മൂടാൻ സഹായിക്കുന്ന മരുന്നുകൾ പുരട്ടണം. മരുന്നു പുരട്ടിയതിനു മുകളിലോട്ടുള്ള (തവിട്ടുനിറമുള്ള) ഭാഗത്ത് വെള്ള പൂശുകയും ചെയ്യണം. •

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്
# പരിശീലനപരിപാടികൾ

## 2025 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ പരിശീലനപരിപാടികൾ

### ജനുവരി

1. **ഷീറ്റുറബ്ബർ സംസ്കരണം, തരംതിരിക്കൽ**
   ഷീറ്റുറബ്ബർ സംസ്കരണം, തരംതിരിക്കൽ എന്നിവയിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽ സംഭരണം, ഷീറ്റുറബ്ബർ നിർമാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച ഗ്രീൻ ബുക്ക് നിബന്ധനകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ജനുവരി 14, 15 തീയതികളിൽ നടക്കും. കർഷകർ, വ്യാപാരികൾ, റബ്ബർപാൽ സംസ്കരണത്തിലേർപ്പെട്ടിരിക്കുന്നവർ, ഷീറ്റുനിർമാതാക്കൾ, ഉത്പന്നനിർമാതാക്കൾ തുടങ്ങിയവർക്ക് പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 1000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

2. **റബ്ബർടാപ്പിങ്**
   റബ്ബർടാപ്പിങ്ങിലുള്ള പരിശീലനം ജനുവരി 16, 17 തീയതികളിൽ നടക്കും. നൂതന ടാപ്പിങ്‌രീതികൾ ഉത്തേജകൗഷധപ്രയോഗം, ഇടവേള കൂടിയ ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട് എന്നിവയിൽ പരിശീലനം നൽകും. പരിശീലനഫീസ് 1000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

3. **റബ്ബർപാലിൽ നിന്നുള്ള ഉത്പന്നനിർമാണം**
   റബ്ബർപാലിൽ നിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം ജനുവരി 20 മുതൽ 24 വരെയുള്ള തീയതികളിൽ നടക്കും. റബ്ബർപാൽ അധിഷ്ഠിത വ്യവസായങ്ങൾ. ലാറ്റക്സ് കോമ്പൗണ്ടിങ്, പ്രോഡക്ട് ഡിസൈൻ, റബ്ബർബാന്റ്, കയ്യുറകൾ, ഫോം റബ്ബർ, പശകൾ, ബലൂണുകൾ എന്നിവയുടെ നിർമാണം, ഉത്പന്നങ്ങളുടെ ഗുണമേന്മ നിയന്ത്രിക്കുന്ന ഘടകങ്ങൾ എന്നിവ കോഴ്സിൽ ഉൾപെടുന്നു. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 3750 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

4. **നടീൽവസ്തുക്കൾ**
   വിവിധതരം നടീലിനങ്ങളെക്കുറിച്ചും നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനെക്കുറിച്ചുമുള്ള പരിശീലനം ജനുവരി 21-ന് നടക്കും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

5. **മികച്ച കാർഷികരീതികൾ**
   മികച്ച കാർഷികരീതികൾ (Good Agricultural Practices) എന്ന വിഷയത്തിലുള്ള പരിശീലനം



ജനുവരി 23 മുതൽ 24 വരെയുള്ള തീയതികളിൽ നടക്കും. റബ്ബർതോട്ടങ്ങളിൽ മികച്ച കാർഷികരീതികളിലൂടെ ചെലവ് കുറച്ചുകൊണ്ട് ഉത്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പരിശീലനോദ്ദേശ്യം. എസ്റ്റേറ്റ് മേഖലയിലുള്ളവർക്കും കർഷകർക്കും ഈ പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 1500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

6. **വളമിടൽ**
   റബ്ബർമരങ്ങളുടെ വളമിടലിനെക്കുറിച്ചുള്ള പരിശീലനം ജനുവരി 27-ന് നടക്കും. കർഷകർ, എസ്റ്റേറ്റ് മാനേജർമാർ, നഴ്സറിയുടമകൾ തുടങ്ങിയവർക്ക് പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

7. **ഇടവിളക്കൃഷി**
   റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുന്നതിൽ ഏകദിനപരിശീലനം ജനുവരി 30-ന് നടക്കും. റബ്ബറിനോടൊപ്പം കൃഷിചെയ്യാവുന്ന ഇടവിളകൾ, അവയുടെ നടീൽരീതികൾ, പരിപാലനം എന്നിവ ഉൾപെടുത്തിക്കൊണ്ടുള്ളതാണ് പരിശീലനം. കർഷകർ, തോട്ടം മാനേജർമാർ, നഴ്സറിയുടമകൾ, തോട്ടം മേഖലയിൽ നിന്നുള്ളവർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

## ഫെബ്രുവരി

1. **റബ്ബറുത്പാദകസംഘം**
   റബ്ബറുത്പാദകസംഘങ്ങളുടെ ഭാരവാഹികൾക്കായി മാനേജ്മെന്റ്, കാര്യശേഷി വർദ്ധിപ്പിക്കൽ എന്നീ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ഫെബ്രുവരി 06, 07 തീയതികളിൽ നടക്കും. പരിശീലനം സൗജന്യമായിരിക്കും.

2. **റബ്ബർനടീൽ, പരിപാലനം**
   റബ്ബറിന്റെ നടീൽരീതികൾ, പരിപാലനം, ഇടവിളക്കൃഷി, കളനാശനം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഏകദിനപരിശീലനം ഫെബ്രുവരി 19-ന് നടക്കും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

3. **ഉണക്കറബ്ബർ നിർണയം**
   റബ്ബർപാലിലെ ഉണക്കറബ്ബർ തിട്ടപ്പെടുത്തുന്നത് സംബന്ധിച്ചുള്ള പരിശീലനം ഫെബ്രുവരി 19 മുതൽ 21 വരെയുള്ള തീയതികളിൽ നടക്കും പരിശീലന മാധ്യമം മലയാളം ആയിരിക്കും. പരിശീലനഫീസ് 3000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

4. **ഉണക്കറബ്ബറിൽ നിന്നുള്ള ഉത്പന്നനിർമാണം**
   ഉണക്കറബ്ബറിൽനിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം ഫെബ്രുവരി 24 മുതൽ 28 വരെയുള്ള തീയതികളിൽ നടത്തും. റബ്ബർ കോമ്പൗണ്ടിങ്, പ്രോസ്സസ് കൺട്രോൾ ടെസ്റ്റുകൾ, വൾക്കനൈസേറ്റ്സ് ടെസ്റ്റിങ്, എം.എസ്.എം.ഇ. സ്കീമുകൾ, മാർക്കറ്റിങ് തുടങ്ങിയ വിഷയങ്ങൾ ഉൾപെടുന്നു. റബ്ബർവ്യവസായങ്ങളിൽ നിന്നുള്ള സംരംഭകർ, സാങ്കേതികോദ്യോഗസ്ഥർ, സ്റ്റാർട്ടപ്പ് മിഷനുകളിൽ നിന്നുള്ളവർ തുടങ്ങിയവർക്ക് പങ്കെടുക്കാം. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 5000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

പട്ടികജാതി-പട്ടികവർഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 100 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ തെരഞ്ഞെടുക്കപ്പെട്ട പരിശീലനങ്ങൾക്ക് ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ 9446976726 (വ്യവസായം), 9495928077 (കൃഷി), 7306464582 (വിജ്ഞാനവ്യാപനം) ബന്ധപ്പെടുക.





മുരളീധരൻ തഴക്കര

## ഇരിക്കുന്ന കൊമ്പ് മുറിക്കാതിരിക്കാം

# വിത്ത് കുത്തി ഉണ്ണാതിരിക്കാം

ഇരിക്കുന്ന കൊമ്പ് മുറിക്കരുത്, വിത്ത് കുത്തി ഉണ്ണരുത് തുടങ്ങിയവ എക്കാലവും ജീവിതത്തോട് ചേർത്തു വയ്ക്കേണ്ട പഴമൊഴികളാണ്. ഭാവിയെക്കുറിച്ചുള്ള കരുതലും നാളെയെക്കുറിച്ചുള്ള ചിന്തയുമില്ലാതെ താൽക്കാലിക നേട്ടങ്ങൾക്കായി വിലപ്പെട്ടതും അമൂല്യവുമായ എന്ത് നഷ്ടപ്പെടുത്തിയാലും അതിന് വലിയ വില നൽകേണ്ടിവരുമെന്ന മുന്നറിയിപ്പാണ് ഈ പഴമൊഴിയുടെ സാരാംശം. വീണ്ടുവിചാരമില്ലാതെ ഇങ്ങനെയുള്ള പ്രവൃത്തികളിൽ ഏർപ്പെടരുതെന്ന് സാരം. പഴമയുടെ ചാരുത തേടുന്ന ഗ്രാമകേരളത്തിന് എന്താണിങ്ങനെ ഒരു അശുഭചിന്ത എന്നാകും പ്രിയപ്പെട്ട വായനക്കാരുടെ ചോദ്യം. യാതൊരു തത്വദീക്ഷയുമില്ലാതെ ഭൂമിയുടെ വൃക്കയെന്ന് വിശേഷിപ്പിക്കാവുന്ന തണ്ണീർത്തടങ്ങളായ നെൽപ്പാടങ്ങൾ മണ്ണിട്ടു നികത്തി തരംമാറ്റി വീടുകളും മാളുകളും സർക്കാർ സമുച്ചയങ്ങളും നിർമിക്കുന്നതിനടക്കം മറ്റാവശ്യങ്ങൾക്കായി അനുനിമിഷം ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഒരേ സമയം രണ്ട് ദുരന്തങ്ങളാണ് ഓരോ തുണ്ട് നെൽപ്പാടവും മണ്ണിട്ടു നികത്തുമ്പോൾ സംഭവിക്കുന്നത്. പെയ്തു വീഴുന്ന മഴവെള്ളത്തെ ഭൂഗർഭത്തിൽ സംഭരിച്ചുവയ്ക്കുന്ന ഭൂമിയുടെ അക്ഷയപാത്രമായ നെൽപ്പാടങ്ങൾ തിരോഭവിക്കുമ്പോൾ അനതിവിദൂരഭാവിയിൽ കുടിവെള്ളം മുട്ടിക്കലാണ് നാം ചെയ്യുന്നത്. ഒപ്പംതന്നെ നിലം നികത്താനായിട്ടുള്ള മണ്ണിനുവേണ്ടി നാടിന്റെ നാഡീഞരമ്പുകളായ കുന്നും മലകളുമെല്ലാം ഇടിച്ചു നിരത്തുകയാണ്. നെൽപ്പാടങ്ങൾ പോലെതന്നെ കുന്നുകളും മലകളും ജലസുരക്ഷയുടെ കാവലാളാണ്.

ഈ പശ്ചാത്തലത്തിൽവേണം അടുത്ത ദിവസങ്ങളിലുണ്ടായ ഭൂമി തരംമാറ്റം സംബന്ധിച്ചുള്ള ഹൈക്കോടതിയുടെ നിരീക്ഷണവും നിർദ്ദേശവും കേരളീയ സമൂഹം വിലയിരുത്തേണ്ടത്. പരിസ്ഥിതിസന്തുലനത്തിനും ജലസംരക്ഷണത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനും തോടുകളിലെയും നദികളിലെയും നീരൊഴുക്ക് സമൃദ്ധമാക്കുന്നതിനുമെല്ലാം അനിവാര്യമായ നെൽപ്പാടങ്ങൾ ഒരു കാരണവാലും നികത്താൻ പാടില്ലെന്ന് കോടതി കർശനമായ താക്കീത് നൽകിയില്ലെന്നത് യാഥാർത്ഥ്യം. എങ്കിലും നിലം തരംമാറ്റം നടത്താൻ സർക്കാർ വസൂലാക്കുന്ന ഫീസിനത്തിൽ ലഭിക്കുന്ന പണം സമ്പൂർണമായും കാർഷികാഭിവൃദ്ധിഫണ്ടിലേക്ക് കൈമാറണമെന്നാണ് കോടതിയുടെ കർക്കശ ഉത്തരവ്.

2008–ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ ചട്ടങ്ങളിൽ ഇളവ് വരുത്തിയാണ് നെൽപ്പാടങ്ങൾ നികത്തി തരംമാറ്റുന്നതിന് സാഹചര്യമൊരുക്കിയത്. ഇങ്ങനെ തരംമാറ്റഫീസിനത്തിൽ 1510 കോടി രൂപയാണത്രേ ഇതുവരെ ലഭിച്ചിട്ടുള്ളത്. ഈ പണം മറ്റാവശ്യങ്ങൾക്കൊന്നുമേ വകമാറ്റി ചെലവാക്കാൻ പാടില്ലെന്നും പൂർണമായും കാർഷികാഭിവൃദ്ധിക്കായി മാത്രം വിനിയോഗിക്കണമെന്നുമാണ് ചീഫ് ജസ്റ്റീസ് അദ്ധ്യക്ഷനായ ബഞ്ചിന്റെ ഉത്തരവ്.

ഒരു തിരുശേഷിപ്പായി അങ്ങിങ്ങ് അവശേഷിക്കുന്ന ഓരോ തുണ്ട് നെൽപ്പാടവും തരംമാറ്റാനും മണ്ണിട്ട് നികത്താനുമുള്ളതല്ലെന്ന തരിച്ചറിവായി വേണം ബഹുമാനപ്പെട്ട നീതിന്യായക്കോടതിയുടെ ഈ ഉത്തരവിനെ നാം വിശകലനം ചെയ്യേണ്ടത്. ഒരു ഹെക്ടർ നെൽപ്പാടം പ്രതിവർഷം നാലുലക്ഷത്തിഎഴുപതിനായിരം ലിറ്ററോളം വെള്ളമാണ് മണ്ണടരുകളിൽ സംഭരിക്കുന്നത് എന്നാണ് കേരള കാർഷിക സർവ്വകലാശാലയുടെ പഠന റിപ്പോർട്ട്. എന്നാൽ, ഒരു ഹെക്ടർ കരഭൂമിയിൽ അമ്പതിനായിരം



ലിറ്റർ വെള്ളം മാത്രമേ സംഭരിക്കപ്പെടുന്നുള്ളൂ. മാത്രമല്ല നെൽപ്പാടങ്ങൾ മണ്ണിട്ടുനികത്തി തരംമാറ്റിയ പ്രദേശങ്ങളിൽ ഏകദേശം രണ്ടു മുതൽ നാല് വരെ ശതമാനം കിണറുകൾ പൂർണമായും വറ്റിവരളുന്നു. ചില പ്രദേശങ്ങളിൽ ഇത് പതിനേഴ് ശതമാനമാണ്. തന്നെയുമല്ല ഭൂഗർഭജലനിരപ്പ് കുത്തനെ താഴുന്നതിനാൽ വർഷം തോറും കിണറിന് ആഴം കൂട്ടേണ്ടതായും വരുന്നു. 2012 മുതൽ കേരള കാർഷിക സർവ്വകലാശാല നടത്തിയ ഗവേഷണ പഠനങ്ങളിലൂടെ ലഭ്യമായ കണക്കാണിത്.

നെൽകൃഷി ചെയ്യുകയും നെല്ല് വിളയുകയും ചെയ്യുന്ന കൃഷിയിടങ്ങൾ മാത്രമായിരുന്നില്ല നമ്മുടെ പാടശേഖരങ്ങൾ എന്നല്ലേ ഈ പഠനം വ്യക്തമാക്കുന്നത്. രണ്ട് പതിറ്റാണ്ടിനുള്ളിൽ ഒരു ലക്ഷത്തി ഇരുപത്തിയാറായിരത്തി അറുന്നൂറ്റിമുപ്പത്തിനാല് ഹെക്ടർ നെൽപ്പാടം കാണാമറയത്തായി. നെല്ല് ഉത്പാദനമാകട്ടെ 141407 ടൺ മാത്രമായി ചുരുങ്ങി.

1975-76 ൽ 8.76 ലക്ഷം ഹെക്ടർ നെൽപ്പാടങ്ങളുണ്ടായിരുന്നത് 2021 എത്തിയപ്പോഴേക്കും 2.05 ലക്ഷം ഹെക്ടറായി ചുരുങ്ങി. 2021-22 ൽ മാത്രം 9306.31 ഹെക്ടർ നെൽപ്പാടമാണ് നഷ്ടമായത്. ചുരുക്കത്തിൽ കേരളത്തിലെ നെൽപ്പാടങ്ങളുടെ വിസ്തൃതി കേവലം 2 ലക്ഷം ഹെക്ടറിലും താഴെയായി ചുരുങ്ങിയിരിക്കുന്നു എന്ന് സാരം.

നെല്ല് വിളഞ്ഞുകിടക്കുന്ന പാടശേഖരങ്ങൾ കണികണ്ടുണരുന്നത് ഐശ്വര്യമായി കണ്ടിരുന്ന ഒരു തലമുറയുടെ പിന്മുറക്കാരാണ് നാം. ശ്രീനാരായണഗുരുദേവന്റെ വീട് വയൽവാരമായിരുന്നു. വയലരികത്ത്, വയൽക്കര, വയലേഴത്ത്, വയൽമുറ്റം എന്നിങ്ങനെ നെൽപ്പാടങ്ങളുടെ ഓരം ചേർന്നുള്ള വീട്ടുപേരുകൾ തന്നെ വയലുമായി ഇഴചേർന്നവയായിരുന്നു. ഇങ്ങനെയുള്ള വീട്ടുപേരുകൾ കേരളത്തിൽ പലപ്രദേശങ്ങളിലുമുണ്ടായിരുന്നു. കഷ്ടനഷ്ടങ്ങളുടെയും ഒഴിവുകഴിവുകളുടെയും കാര്യങ്ങൾ നിരത്തി വയലിൽ നിന്ന് കാലുവലിച്ച മലയാളിക്ക് ഒരു നേരമെങ്കിലും അരിയാഹാരം കഴിച്ചില്ലെങ്കിൽ ഭക്ഷണം കഴിച്ച സംതൃപ്തിയുണ്ടാകില്ല. നമുക്കിപ്പോഴും തവിടു കളയാത്ത നല്ല മട്ടയരി തന്നെവേണം. പക്ഷേ നെൽപ്പാടവും നെൽകൃഷിയും നെല്ലും വേണ്ട, അതാണ് ഈ പുതിയകാലത്തെ മലയാളി മനോഭാവം.

കേരളത്തിന്റെ വെള്ളംകുടി മുട്ടാതിരിക്കണമെങ്കിൽ, ഇനി ഒരു പ്രളയമുണ്ടായാൽ കേരളം വെള്ളത്തിൽ മുങ്ങാതിരിക്കണമെങ്കിൽ, അധികരിച്ച അന്തരീക്ഷതാപത്തിന് തടയിടണമെങ്കിൽ, പ്രകൃതിക്ക് സുകൃതമേകുന്ന ജൈവവൈവിധ്യം സംരക്ഷിക്കണമെങ്കിൽ ഇനി അങ്ങിങ്ങായി അവശേഷിക്കുന്ന നെൽവയലുകൾ ഒരു തുണ്ടുപോലും നഷ്ടമാകാതെ സംരക്ഷിക്കപ്പെടണം. വനങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണം പോലെ നെൽവയലുകളും സംരക്ഷിക്കാനുള്ള ജാഗ്രതയാണുണ്ടാകേണ്ടത്. റിസർവ്വ് വനങ്ങൾക്ക് സമാനമായി 'റിസർവ്വ് തണ്ണീർത്തടങ്ങളായി' നെൽവയലുകൾ സർക്കാർ ഏറ്റെടുത്ത് നാടിന്റെ ജൈവസമ്പത്തായി മുതൽക്കൂട്ടണം. ജീവന്റെ ഹരിതകമായ നെൽപ്പാടങ്ങളെ എന്നെന്നും നിലനിർത്തണം. •

# റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2024 ഡിസംബർ 1 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 ഡിസംബർ 2 | 19700 | 19300 | 12890 | 19700 | 19300 | 20725 | 20651 |
| 2024 ഡിസംബർ 3 | 19900 | 19500 | 12890 | 19900 | 19500 | 20593 | 20519 |
| 2024 ഡിസംബർ 4 | 19900 | 19500 | 12890 | 19900 | 19500 | 20834 | 20760 |
| 2024 ഡിസംബർ 5 | 19800 | 19400 | 12680 | 19800 | 19400 | അവധി | അവധി |
| 2024 ഡിസംബർ 6 | 19700 | 19300 | 12470 | 19700 | 19300 | 21035 | 20961 |
| 2024 ഡിസംബർ 7 | 19600 | 19200 | അവധി | 19600 | 19200 | അവധി | അവധി |
| 2024 ഡിസംബർ 8 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 ഡിസംബർ 9 | 19500 | 19100 | 12365 | 19500 | 19100 | 20904 | 20829 |
| 2024 ഡിസംബർ 10 | 19300 | 18900 | 12260 | 19300 | 18900 | അവധി | അവധി |
| 2024 ഡിസംബർ 11 | 19100 | 18700 | 12260 | 19100 | 18700 | 20954 | 20879 |
| 2024 ഡിസംബർ 12 | 19100 | 18700 | 12260 | 19100 | 18700 | 21160 | 21085 |
| 2024 ഡിസംബർ 13 | 19100 | 18700 | 12365 | 19100 | 18700 | 21011 | 20936 |
| 2024 ഡിസംബർ 14 | 19100 | 18700 | അവധി | 19100 | 18700 | അവധി | അവധി |
| 2024 ഡിസംബർ 15 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 ഡിസംബർ 16 | 19100 | 18700 | 12365 | 19100 | 18700 | 20992 | 20917 |
| 2024 ഡിസംബർ 17 | 19100 | 18700 | 12365 | 19100 | 18700 | 21014 | 20940 |
| 2024 ഡിസംബർ 18 | 19100 | 18700 | 12365 | 19100 | 18700 | 20789 | 20714 |
| 2024 ഡിസംബർ 19 | 19000 | 18600 | 12470 | 19000 | 18600 | 20438 | 20364 |
| 2024 ഡിസംബർ 20 | 18900 | 18500 | 12470 | 18900 | 18500 | 20156 | 20082 |
| 2024 ഡിസംബർ 21 | 18900 | 18500 | അവധി | 18900 | 18500 | അവധി | അവധി |
| 2024 ഡിസംബർ 22 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 ഡിസംബർ 23 | 18800 | 18400 | 12680 | 18800 | 18400 | 19752 | 19678 |
| 2024 ഡിസംബർ 24 | 18800 | 18400 | 12680 | 18800 | 18400 | 19676 | 19602 |
| 2024 ഡിസംബർ 25 | അവധി | അവധി | അവധി | അവധി | അവധി | 19482 | 19408 |
| 2024 ഡിസംബർ 26 | 18800 | 18400 | 12680 | 18800 | 18400 | 19451 | 19376 |
| 2024 ഡിസംബർ 27 | 18800 | 18400 | 12680 | 18800 | 18400 | 19561 | 19486 |
| 2024 ഡിസംബർ 28 | 18800 | 18400 | അവധി | 18800 | 18400 | അവധി | അവധി |
| 2024 ഡിസംബർ 29 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 ഡിസംബർ 30 | 19000 | 18500 | 12785 | 19000 | 18500 | ലഭ്യമല്ല | ലഭ്യമല്ല |
| 2024 ഡിസംബർ 31 | 19000 | 18600 | 12995 | 19000 | 18600 | അവധി | അവധി |
| ശരാശരി | 19196 | 18792 | 12565 | 19196 | 18792 | 20474 | 20399 |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർബോർഡ്*

## പ്രകൃതിദത്തറബ്ബർമേഖല – പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | സെപ്റ്റംബർ 2024 | സെപ്റ്റംബർ 2023 | ഏപ്രിൽ 2024 മുതൽ സെപ്റ്റംബർ 2024 വരെ | ഏപ്രിൽ 2023 മുതൽ സെപ്റ്റംബർ 2023 വരെ | ഏപ്രിൽ 2023 മുതൽ മാർച്ച് 2024 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം (+)/-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 52640 | 47540 | 220300 | 217670 | 542175 | |
| ബ്ലോക്കുറബ്ബർ | 14250 | 16400 | 82925 | 82820 | 190920 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 9100 | 9070 | 48700 | 45620 | 101895 | |
| മറ്റുള്ളവ | 2010 | 1990 | 9075 | 9890 | 22010 | |
| ആകെ | 78000 | 75000 | 361000 | 356000 | 857000 | 1.4 |
| **ഉപഭോഗം* (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 47250 | 47510 | 291400 | 281075 | 589345 | |
| ബ്ലോക്കുറബ്ബർ | 56100 | 61300 | 350350 | 367550 | 684010 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 7800 | 8975 | 47500 | 52385 | 108405 | |
| മറ്റുള്ളവ | 2850 | 3215 | 15750 | 16990 | 34240 | |
| ആകെ | 114000 | 121000 | 705000 | 718000 | 1416000 | –1.8 |
| **ടയർനിർമ്മാണത്തിനുപയോഗിച്ചത്** | **79243** | **80677** | **489416** | **482934** | **952495** | **1.3** |
| **ഇറക്കുമതി/കയറ്റുമതി (ടൺ)** | | | | | | |
| **ഇറക്കുമതി (p)** | 74341 | 33470 | 318042 | 254487 | 492682 | |
| **കയറ്റുമതി (p)** | 206 | 142 | 1701 | 1691 | 4199 | |

**2024 സെപ്റ്റംബർ അവസാനത്തെ സ്റ്റോക്ക് (ടൺ)**

| | | | |
|---|---|---|---|
| കർഷകർ | 90000 | ഷീറ്റുറബ്ബർ | 208600 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | 107000 | ബ്ലോക്കുറബ്ബർ | 77450 |
| ടയർനിർമ്മാതാക്കൾ (c) | 98000 | റബ്ബർപാൽ (ഡി. ആർ. സി.) | 26100 |
| മറ്റു വ്യവസായികൾ | 44000 | മറ്റുള്ളവ | 26850 |
| ആകെ | 339000 | ആകെ | 339000 |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്
c- ട്രാൻസിറ്റ് ഉൾപ്പെടെ.

*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ്*

ANNA INDUSTRIES
(An ISO 9001:2008 Certified Company)
Manufactures & Dealers of:-
Rain Guarding Compound & Rubber Coat
Formic Acid & Formic Acid With PNP etc
കർഷകരുടെ ഉത്തമ സുഹൃത്ത്.

Anna Industries
കർഷകർക്ക് വർഷങ്ങളുടെ വിശ്വസ്തത
Kolenchery, Cochin, Kerala, Pin: 682 311
Ph: 9388601632, 9495003366
0484-2764590, 2760216
www.annabusiness.com, Email: sales@annabusiness.com, annaindustries@ymail.com, annaindustriesklcy@gmail.com

# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്






# CBC RUBBER MIX

ഉത്പാദനത്തിൽ വൻ വർദ്ധനവ് എന്ന് കർഷകർ
സാക്ഷ്യപ്പെടുത്തിയ CBC റബ്ബർ മിക്സ്

## 46 വർഷം

പിന്നിട്ടിരിക്കുന്ന SIF ന്റെ ഉത്കൃഷ്ട ഉത്പന്നം
കരുത്തുറ്റ മരങ്ങൾക്കും കൊഴുപ്പേറിയ പാലിനും

മറ്റ് ഉത്പന്നങ്ങൾ: CBC Cardamom Special, CBC Coconut Mix, CBC Plantain Mixture, CBC Nutmeg Special etc.

ORGANIC 100% INDOCERT

sif ESTD. 1979

**South Indian Fertilizers**

*MANUFACTURERS OF CONCENTRATED ORGANIC MANURES & PESTICIDES*

Ph: +917306394194, +919497165620, +917012785820, +917025732685
E-mail: sif@sif.in | Website: www.sif.in
Factory: Industrial Development Area, Edayar, Kochi-683 502, Ph: Mob: 9847055620

SINCE 1979
*An ISO 9001-2015 Certified Company*

**ALL KERALA FREE DELIVERY AVAILABLE (MOQ -10BAGS)**

DISTRIBUTION INQUIRIES, PLEASE CALL : +91 7306 394 194, +91 9497 165 620

RUBBER MONTHLY (MALAYALAM)
Published on 11 January 2025
RNI. 7842

Registered KL / KTM / 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment

# റബ്ബർകർഷകർക്ക് ഒരു സമ്പൂർണ്ണ പ്രസിദ്ധീകരണം




റബ്ബർ
മാസിക

റബ്ബർബോർഡ് പ്രസിദ്ധീകരണം

**വാർഷിക വരിസംഖ്യ 100 രൂപ**
**10 വർഷത്തേക്ക് 750 രൂപ**

കൂടുതൽ വിവരങ്ങൾക്ക്
**റബ്ബർബോർഡ് കോൾസെന്റർ**
**ഫോൺ: 0481 2576622**

Printed and Published by P. Prasad, Deputy Director (I/C), Publicity and Public Relations, Rubber Board, Kottayam – 686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam – 686 002. Editor: P. Prasad